UNIVERSITY LIBRARY
28 AUG 1953
MADRAS

പുസ്തകം 4. 1128 കക്കിടകം. ലക്കം 4.

# തുഞ്ചത്തെഴുത്തച്ഛൻ

## പ്രേമദർശനം

(ദേവഷി നാരദവിരചിത ഭക്തിസൂത്രം)

പ്രേമരൂപമായ ഭക്തിയുടെ ലക്ഷണവും ഉദാഹരണവും

(വി. എൻ. പരമേശ്വരൻ നമ്പൂതിരി)

(തുടച്ച്)

സൂത്രം:—15 തല്ലക്ഷണാനി വാച്യന്തേ നാനമതഭേദാത്.

ഇനി മററുള്ളവരുടെ അഭിപ്രായങ്ങളനുസരിച്ച് ആ ഭക്തിയുടെ ലക്ഷണത്തെ പറയുന്നു.

വിഭിന്നാചാര്യന്മാർ ഭക്തിയുടെ സ്വരൂപത്തെ ഭിന്ന ഭിന്ന രൂപത്തിൽ വർണ്ണിച്ചിട്ടുണ്ട്. ആദ്യമായി അതുകളെ പ്രസ്താവിച്ചതിനു ശേഷം ദേവഷി നാരദൻ തൻെറ അഭിപ്രായത്തെ കാണിക്കുവാനാഗ്രഹിക്കുന്നു.

16. പൂജാദിഷ്വനുരാഗ ഇതി പാരാശര്യഃ.

പരാശരമഹഷിയുടെ മകനായ ശ്രീ വ്യാസഭഗവാൻെറ മതപ്രകാരം ഭഗവദച്ചനാദികളിൽ അനുരാഗമുണ്ടായാൽ അതു് ഭക്തിയായെന്നാണ്.

തൻെറ ശരീരം മനസ്സ് ധനം എന്നിതുകളെ ഭഗവൽ പൂജാസാമഗ്രികളായി കണക്കാക്കി പരമശ്രദ്ധയോടുകൂടി യഥാവിധി ത്രിവിധകരണങ്ങളെക്കൊണ്ടും ഭഗവാൻെറ വിഗ്രഹത്തെ, അല്ലെങ്കിൽ വിശ്വരൂപനായ ഭഗവാനെ പൂജിക്കണം. ഭഗവൽപ്പൂജയിൽ ശ്രദ്ധാലുവാകുന്നതോടുകൂടി സംസാരബന്ധനകാരകമായ വിഷയങ്ങളിൽനിന്നു് മനസ്സ് തന്നെത്താൻ മാറിപ്പോകുന്നു. ബാഹ്യവും ആന്തരവുമായി ഇരുപ്രകാരത്തിലും ഭഗവൽപ്പൂജ നടന്നുകൊണ്ടിരിക്കണം. പൂജകൊണ്ടുതന്നെ ഭഗവാൻെറ പരമപദം പ്രാപിക്കുന്നതാണ്.

ശ്രീവിഷ്ണു പൂജ ചെയ്യോരി-
ന്നാരു ലോകത്തിലായവർ
സാനന്ദം പരമം വിഷ്ണു-
പദം പ്രാപിപ്പു ശാശ്വതം (വിഷ്ണുരഹസ്യം)

17. കഥാദിഷ്വിതി ഗർഗ്ഗഃ.

ഗർഗ്ഗമഹർഷിയുടെ അഭിപ്രായം ഭഗവൽക്കഥാദികളിൽ പ്രതിപത്തി ജനിച്ചാൽ മാത്രമേ ഭക്തിയാകുന്നുള്ളുവെന്നാണ്.

ശ്രീഭഗവാൻെറ ദിവ്യലീലകളേയും മഹിമയേയും ഗുണനാമങ്ങളേയും കുറിച്ച് പ്രകീർത്തിക്കുകയും അതുകളെ ശ്രദ്ധയോടുകൂടി കേൾക്കുകയും തന്നെയാണ് ഭക്തിയുടെ പ്രധാനവും നിസ്സന്ദേഹവുമായ ലക്ഷണം. പ്രപഞ്ചത്തിൽ അധികാംശം ജനങ്ങളും ഭഗവൽപ്പൂജകൾക്കും കഥാശ്രവണങ്ങൾക്കും സവിശേഷമായ വിലയൊന്നും കല്പിക്കുന്നില്ല, രാവുപകൽ വിഷയചർച്ചയിൽത്തന്നെ അവരുടെ ജീവിതം കലാശിക്കുന്നു. അവർ ഒരിക്കലും ഭഗവൽഗ്ഗുണഗാനങ്ങളെ ചെയ്യുന്നില്ലെന്നു മാത്രമല്ല, ഭഗവൽചർച്ചതന്നെ അവർക്ക് രസിക്കുന്നില്ല. "നശ്രൂയതേ രാമകഥാനരാഗീ" എന്ന അവസ്ഥയിൽ യാതൊരാളുടെ മനസ്സ് ഭഗവൽഗ്ഗുണാനുവാദങ്ങൾ കേൾക്കുന്നതിലും പറയുന്നതിലും മുഴുകുന്നുവോ അയാൾതന്നെയാണ് യഥാർത്ഥഭക്തൻ. സൂത്രപ്രണേതാവായ ആചാര്യ ശ്രീനാരദർതന്നെ വേദവ്യാസമഹർഷിയോടു പറയുന്നു:—

"ഇദംഹിപുംസസ്തപസഃശ്രുതസ്യവാ
സ്വിഷ്ടസ്യ സൂക്തസ്യ ചബുദ്ധിദത്തയോഃ
അവിച്യുതോഽർത്ഥഃകവിഭിർന്നിരൂപിതോ
യദുത്തമശ്ലോകഗുണാനുവർണ്ണനം."

(ശ്രീമൽഭാഗവതം 1-5-22)

"വിദ്വാന്മാരായവർ ഉത്തമശ്ലോകനായ ഭഗവാൻെറ ഗുണാനുവാദനകീർത്തനം തന്നെയാണ് തപസ്സ്, വേദാദ്ധ്യയനം ശ്രേഷ്ഠമായി നടത്തപ്പെട്ടുന്നയജ്ഞം, മന്ത്രം, ജ്ഞാനം, ദാനം മുതലായവയുടെയെല്ലാം അക്ഷയഫലമായി കണക്കാക്കുന്നതു്.

രാമചരിതത്തിൽ ഇങ്ങനെ പറയുന്നു:—

കലിമലമകലെക്കടന്നുപോകും
കലിതരസംഭവസിന്ധു പിന്നിലാകും
കലിവുതെളിവൊടൊത്തുപാടുരാമാ-
കലിതകഥാവലികാൽക്ഷണം വിടാതെ.

അതുകൊണ്ടു ശ്രീ ഹരിയുടെ കഥയിൽ യഥാത്ഥമായ അനുരാഗമുത്ഭവിക്കുന്നതുതന്നെയാണുഭക്തി ഇൗ ഭക്തികൊണ്ടു ഭഗവൽപ്രാപ്തി നിശ്ചയമായും ഉണ്ടാകും.

18. ആത്മരത്യവിരോധേനേതി ശാണ്ഡില്യഃ.

പരിശുദ്ധമായ ആത്മാവിൻെറ നിർവ്വതിക്കു വിരോധമല്ലാത്ത വിഷയങ്ങളിൽ അഭിരുചിയുണ്ടായാൽ മാത്രമേ ഭക്തി യഥാത്ഥമാകയുള്ളുവെന്നാണ് ശാണ്ഡില്യൻ എന്നു പേരായ മഹഷിയുടെ വാദം.

അവിച്ഛിന്നരൂപത്തോടുകൂടി ശുദ്ധമായ ആത്മസ്വരൂപത്തിൽ രതിയുണ്ടായിക്കൊണ്ടിരിക്കുന്നതുതന്നെയാണ് ആത്മരതി എന്നു പറയുന്നതു്. ഇൗ ആത്മരതിയിൽ നിത്യത്വവും സ്ഥൈര്യവും ഉണ്ടായിരിക്കുന്നതിന്നു അവ്യക്തോപാസകമഹാനുഭാവഭക്തി എന്നു പറയും. ശ്രീ ശങ്കരഭഗവൽ പാദർ പറയുന്നു:—

"മോക്ഷകാരണസാമഗ്ര്യാം
ഭക്തിരേവഗരീയസീ
സ്വസ്വരൂപാനുസന്ധാനം
ഭക്തിരിത്യഭിധീയതേ."

ആത്മരൂപത്തോടുകൂടി പ്രത്യേകം ഓരോ പ്രാണികളിലും ശ്രീ ഭഗവാൻ പരിലസിക്കുന്നു. അതുകൊണ്ടു ആ സവ്വാത്മാവിൽ രതിയുണ്ടായിത്തീരുന്നതുതന്നെയാണ് വാസ്തവത്തിൽ ഭഗവൽഭക്തി. അങ്ങനെയുള്ള ഭക്തന്മാക്കു മുക്തിലഭിക്കുന്ന കാൎയ്യത്തിൽ യാതൊരു സന്ദേഹത്തിന്നും വകയില്ല.

19. നാരദസ്തുതദപ്പിതാഖിലാചാരിതാ തദ്വിസ്മരണേ പരമവ്യാകുലതേതി.

എന്നാൽ ദേവഷിനാരദൻെറ അഭിപ്രായം, തൻെറ എല്ലാ കമ്മങ്ങളേയും ഭഗവാനിൽ സമപ്പണം ചെയ്യുകയും, ഒരു നിമിഷം പോലും ഭഗവാനെ സ്മരിക്കാതിരിക്കുവാൻ ഇടവന്നാൽ അതികഠിനമായി വ്യസനിക്കുകയും ചെയ്താൽ മാത്രമേ ഭക്തിയാകുന്നുള്ളുവെന്നാണു്.

ശ്രീനാരദമഹഷിക്കു്, വ്യാസൻ, നഗ്ഗൻ, ശാണ്ഡില്യൻ മുതലായ മഹഷിമാരാൽ പറയപ്പെട്ട ഭക്തിയുടെ ലക്ഷണത്തെക്കുറിച്ചു യാതൊരു വിപ്രതിപത്തിയുമില്ല. ഭഗവൽപ്പൂജചെയ്യുന്നതും ഭഗവൽഗ്ഗുണഗണഗാനപ്രകീത്തനംചെയ്യുന്നതും സവ്വാത്മ സ്വരൂ

പനായ ഭഗവാനെ പ്രേമിക്കുന്നതും ഉചിതവും അവശ്യം ആവശ്യവുമാണ്. ശ്രീവ്യാസമഹർഷിയെ ഭഗവൽഗുണഗാനോന്മുഖനാക്കിത്തീർത്തതുതന്നെ ശ്രീനാരദനാണ്. അതുകൊണ്ടു് ഈ ലക്ഷണങ്ങളെ ഖണ്ഡിക്കുവാനോ, ഇതുകാം തുച്ഛമാണെന്നു പറയുവാനോ അല്ല അദ്ദേഹത്തിൻെറ ഉദ്യമം. പ്രത്യുത അതുകളെ ഒന്നുകൂടി പരിപുഷ്ടമാക്കുന്നതിന്നുവേണ്ടി ഈ എല്ലാ ലക്ഷണങ്ങളോടും യോജിച്ച ഒരു സർവ്വാംഗപൂർണ്ണഭക്തിയുടെ ലക്ഷണത്തെ നിർദ്ദേശിച്ചുകൊണ്ടു പറയുന്നു: തൻെറ വൈദികലൌകികങ്ങളായ എല്ലാ കർമ്മങ്ങളും ഭഗവാനിൽ സമർപ്പിച്ചിട്ട് പ്രിയതമനായ അദ്ദേഹത്തിൻെറ അഖണ്ഡസ്മരണം ചെയ്യുന്നതും, നിമിഷനേരത്തിനെങ്കിലും അദ്ദേഹത്തിൻെറ വിസ്മരണമുണ്ടാവുകയാണെങ്കിൽ പരമവ്യാകുലനായിത്തീരുന്നതും തന്നെയാണ് സർവ്വ ലക്ഷണസമ്പന്നമായ ഭക്തി. ഇതിൽ പൂജാകഥാലാപങ്ങളിൽ അനുരാഗവും വിശ്വാത്മാവായ ഭഗവാനിൽ രതിയും ഉണ്ടായിക്കൊണ്ടുതന്നെയിരിക്കും. ശ്രീകൃഷ്ണഭഗവാൻ ശ്രീമൽഭഗവൽഗീതയിൽ എല്ലാ പ്രകാരത്തിലുമുള്ള യോഗികളിൽവെച്ച് ഈ ലക്ഷണങ്ങളോടു കൂടിയ ഭക്തിയോഗത്തെ സർവ്വോത്തമമായി പറഞ്ഞിട്ടുണ്ടു്.

"തപസ്വിഭ്യോധികോ യോഗീ,
ജ്ഞാനിഭ്യോപി മതോധികഃ,
കർമ്മിഭ്യശ്ചാധികോ യോഗീ,
തസ്മാദ്യോഗീ ഭവാർജ്ജുന.
യോഗി നാമപിസർവ്വേഷാം
മദ്ഗതേനാന്തരാത്മനാ
ശ്രദ്ധാവാൻ ഭജതേ യോമാം,
സമേ യുക്തതമോ മതഃ."

"യോഗി തപസ്വികളെക്കാളും ജ്ഞാനികളെക്കാളും കർമ്മികളെക്കാളും ശ്രേഷ്ഠനാകുന്നു എന്നാണ് എൻെറ അഭിപ്രായം. അതുകൊണ്ടു്, ഹേ അർജ്ജുന, നീ യോഗിയായിഭവിച്ചാലും. യാതൊരുവൻ അന്തരാത്മാവിനെ എന്നിൽ ഉറപ്പിച്ച് വിശ്വാസത്തോടുകൂടിയവനായി എന്നെ ഭജിക്കുന്നുവോ അവൻ എല്ലാ യോഗികളിലുംവെച്ച് ശ്രേഷ്ഠനായ യോഗിയെന്നത്രെ എൻെറ അഭിപ്രായം."

ഭഗവാൻ ശ്രീകൃഷ്ണപരമാത്മാവു് പിന്നീടു ആജ്ഞാപിച്ചിട്ടുണ്ടു്:—

"തസ്മാൻ സൎവ്വേഷു കാലേഷു
മാമനുസ്മര, യുദ്ധ്യച;
മയ്യൎപ്പിതമനോബുദ്ധി-
ൎമ്മാമേവൈഷ്യസ്യ സംശയഃ."

"അതുകൊണ്ടു് എല്ലാകാലത്തും (സദാ) എന്നെ സ്മരിക്കുക, എനിക്കുവേണ്ടിത്തന്നെ യുദ്ധവും ചെയ്യുക. എന്നിൽ മനസ്സിനേയും ബുദ്ധിയേയും അൎപ്പിക്കുന്നവനായ നീ എന്നെത്തന്നെ പ്രാപിക്കും സംശയമില്ല."

മാനാപമാനം, ലാഭനഷ്ടം, ജയാപജയം, സുഖദുഃഖം മുതലായവയെ മാനിക്കാതെ ആസക്തിയും ഫലേച്ഛയും ഉപേക്ഷിച്ചു ശരീരത്തിലും സംസാരത്തിലും തനിക്കുവേണ്ടി അഹന്തയും മമതയും കൂടാതെ, പരമാശ്രയവും പരമഗതിയും പരമസുഹൃത്തുമായി കണക്കാക്കി അനന്യ ഭാവത്തോടുകൂടി അത്യന്തം ശ്രദ്ധയോടെ, പ്രേമപൂൎവ്വകം നിരന്തരതൈലധാരപോലെ അദ്ദേഹത്തിൻെറ നാമം ഗുണം പ്രഭാവം സ്വരൂപം ഇവയെ ചിന്തിച്ചുകൊണ്ടു പരമാനന്ദമഗ്നനായിരിക്കുകയും, ഇപ്രകാരം ചിന്തനാപരായണനായിരുന്നുതന്നെ കേവലം ആ പരമപ്രിയതമനായ ഭഗവാനുവേണ്ടി അദ്ദേഹത്തിൻെറ അഭിരുചിക്കും ഇച്ഛക്കും അനുസരിച്ചു അദ്ദേഹത്തിൻെറതന്നെ പ്രതീക്ഷക്കായി അദ്ദേഹത്തിന്നു സുഖപ്രദാനം ചെയ്യുവാൻ ദൃഢനിശ്ചയത്തോടെ തൽക്കാൎയ്യത്തിൽ പരമസ്വാൎത്ഥിയായി, സൎവ്വദാനിസ്വാൎത്ഥ ഭാവത്തോടുകൂടി സമസ്ത ദൈഹിക വാചികമാനസിക കൎമ്മങ്ങളെ ആചരിക്കുകയും, ഒരു പക്ഷെ എന്തെങ്കിലും കാരണവശാൽ ഒരു നിമിഷനേരത്തിനെങ്കിലും അദ്ദേഹത്തിൻെറ മനന സ്മരണാദികൾ വിച്ഛിന്നമായിത്തീൎന്നാൽ അപ്പോൾ കരക്കിട്ടമത്സ്യത്തിനേക്കാൾ അനന്തഗുണാധികം വ്യാകുലമനുഭവപ്പെടുകയും ചെയ്യുന്നതു തന്നെയാണു് പരമോച്ചമായ ഭക്തി.

അങ്ങനെ പൂൎണ്ണസമൎപ്പണം ചെയ്യപ്പെട്ട പ്രേമിയായ ഭക്തൻ ത്രൈലോക സംബന്ധമായ സുഖങ്ങളെന്നല്ല, അപുനൎഭവമായ മോക്ഷത്തിന്നുപോലും ഒരു സ്ഥിതിയിലും തൻെറ പ്രിയതമനായ ഭഗവാൻെറ സ്മരണയെ ഉപേക്ഷിക്കുവാൻ ഇഷ്ടപ്പെടുന്നതല്ല. ഭഗവാൻ അങ്ങനെയുള്ള ഭക്തനെക്കുറിച്ചു പ്രശംസിച്ചുകൊണ്ടു ഭക്തനായ ഉദ്ധവരോടു പറയുന്നു:—

"നതഥാമേ പ്രിയതമ
ആത്മയോനിൎന്നശങ്കരഃ

നയസങ്കർഷണോന ശ്രീ-
ർന്നൈവാത്മാ ച യഥാഭവാൻ.
നിരപേക്ഷം മുനിം ശാന്തം
നിർവ്വൈരം സമദർശനം
അനുവ്രജാമ്യഹം നിത്യം
പൂയേയേത്യംഘ്രിരേണുഭിഃ.
നിഷ്കിഞ്ചനാ മയ്യനുരക്തചേതസഃ
ശാന്താമഹാന്തോഽഖിലജീവവത്സലാഃ
കാമൈരനാലബ്ധധിയോജുഷന്തിയൽ
തന്നൈരപേക്ഷ്യം നവിദുഃസുഖം മമ."
(ശ്രീമൽഭാഗവതം 11-14-15, 16, 17.)

ഹേ ഉദ്ധവാ, ഇപ്രകാരം നിന്നെപ്പോലെ ഭക്തന്മാരായവരോടു ള്ള പ്രിയം, ബ്രഹ്മാവിനോടോ, ശിവനോടൊ, ബലഭദ്രരോടൊ ലക്ഷ്മീദേവിയോടോ എന്തിനധികം എന്റെ ആത്മാവിനോ ടുതന്നേയോ എനിക്കില്ല. അങ്ങനെ ഒരു വസ്തുവിലും ആഗ്ര ഹമില്ലാത്തവനും ശാന്തനും വൈരമില്ലാത്തവനും, സർവ്വത്ര സ മഭാവനയോടുകൂടി എന്നെ വീക്ഷിക്കുന്നവനും നിരന്തരം എ ന്നെത്തന്നെ മനനം ചെയ്യുന്നവനും ആയ പ്രേമിയായ ഭക്ത ന്റെ പാദധൂളികൊണ്ടു് പവിത്രനായിത്തീരുവാൻ വേണ്ടി ഞാൻതന്നെ അവന്റെ പിന്നാലെ സദാ ഉഴന്നുകൊണ്ടിരിക്കു ന്നു. മനസ്സു് എന്നിൽത്തന്നെ അനുരാഗത്തോടുകൂടി സമർപ്പിച്ചു കൊണ്ടിരിക്കുന്നവൻ എല്ലാം എന്നിൽ അർപ്പണം ചെയ്തു് ശാന്തനാ യി മൽസ്സംബന്ധികളായ സർവ്വജീവികളോടും വാത്സല്യത്തോടു കൂ ടി എല്ലാ പ്രകാരത്തിലുമുള്ള അഭീഷ്ടങ്ങളിൽ നിന്നും ശൂന്യഹൃദയ നായി മഹാത്മാവായിരിക്കുന്നവൻ യാതൊരു പരമസുഖത്തെ അനു ഭവിക്കുന്നുവോ, അതുല്യമായ ആ പരമാനന്ദത്തെ മററാരാൾക്കും കഴിയുന്നില്ല." എന്തിനധികം ? ശ്രീ നാരദമഹർഷിയുടെ അഭിപ്രാ യത്തിലും ഇതുതന്നെയാണു് ഭക്തി എന്നു പറയുന്നതു്. അങ്ങനെ യുള്ള ഭക്തൻ എല്ലാ ആചരണങ്ങളേയും ശ്രീഭഗവാനിൽ സമർപ്പ ണം ചെയ്തു് അനവച്ഛിന്ന രൂപത്തിൽ ഭഗവൽ സ്മരണ ചെയ്യുക യും, എപ്പോഴെങ്കിലും അല്പമൊരു പ്രമാദം പററിയാൽ പരമവ്യാകു ലനാവുകയും ചെയ്യുന്നു. (തുടരും)

# ജീവിതനിർവൃതി

(സി. ദാമോദരമേനോൻ, ശ്രീരാമകൃഷ്ണാശ്രമം, വിലങ്ങൻ)

(നീതിയുടേയും കൃതാൎത്ഥതയുടേയും സമഞ്ജസ സമ്മേളനമാണ് ജീവിതത്തിൽ നിർവൃതി പൊഴിക്കുന്നതു്. ജീവിതത്തിനു നീതിയുടെ അഭാവത്തിൽ കൃതാൎത്ഥതയും കൃതാൎത്ഥതയുടെ അഭാവത്തിൽ നിർവൃതിയും അനുഭവഗോചരമാകുന്നില്ല. അതിനാൽ ജീവിതത്തിനു നീതിയുടേയും കൃതാൎത്ഥതയുടേയും കൂട്ടുപിടിക്കാതെ നിർവൃതി ലാഭം അസംഭാവ്യമാണു്.)

ജീവിതം:—

ദേവി! കൃതാൎത്ഥതെ! എന്നു നിന്നാശ്ലേഷാൽ .
പാവിതമാകുമെൻ ജന്മം ?
എത്രനാളെത്രനാളുച്ചരിക്കേണ മെ-
ന്നച്ഛന കൊണ്ടു നിൻനാമം ?
എന്നാത്മനായികെ; എന്നന്തരാത്മാവാം
പൊന്നമ്പലം ഞാനൊരുക്കി,
എത്രനാളുണ്ടു ഞാൻ ചിന്തിച്ചിരിപ്പൂനി-
ന്നുജ്ജ്വലോമന്മുഖം നോക്കി.
നിന്മിഴിക്കോണിലെൻറ നീലിമച്ഛായയി-
ലേന്തിത്തുളുമ്പിടും മേഘം,
എന്നു കൃപാമൃതം വൎഷിച്ചു വൎഷിച്ചെൻ
ഖിന്നത പോക്കുമമോഘം ?
ഒന്നുമേയിന്നോളം തെല്ല്യ ഞാൻ ചെയ്തീല
എന്നോമലോടപരാധം
പിന്നെ യെന്താണെൻറ ദേവി നിനക്കിനി
എന്നോടടുക്കാൻ വിരോധം ?

കൃതാൎത്ഥത:—

അനുരാഗവശഗയാമവദാത നീതി-
ക്കനുതാപമേകിയ ജീവിത്ഘാതക!
മതി മതി അപരാധവ്രണമിതു വെറുതെ
സ്തുതിഗീതി വെൺപട്ടാൽ പൊതിയേണ്ട പഴുതെ

നിനയാതെ നീതിയെ വെടിയും നിനക്കു-
വിനയോതുകയല്ല ജ്ഞാനപ്രാപ്യയെന്നും
ഓതിടാമെൻ തത്വം ജ്ഞാനവിളംബം
"നീതിയാണെന്നു മെനിക്കവലംബം"
ചേലാളു മവളോടെനിക്കൊരശേഷം
പോലുമേയില്ലൊരു സാപത്ന്യരോഷം
അജ്ഞാതഭാവമാം സ്ത്രീചിത്തമെന്ന
വിജ്ഞാനഭാണ്ഡ മവിശ്വസനീയം
പ്രച്ഛന്നഗാത്രങ്ങൾ മീതെ നികത്തി
പച്ചിലക്കാട്ടുകൾ നട്ടുവളർത്തി
കാമുകവ്യാധൻ വിപഞ്ചികമിട്ടും
ഗീതമീ മൃഗിയെയിനി വഞ്ചിക്കില്ലൊട്ടും.

ജീവിതം:—

മതിമുഖി നീ എന്നെ പഴിപറവോളം
വിധുരത പൂണ്ടന്നു എന്നാത്മനാളം
പരിസരത്തിൻെറ പ്രചോദനംമൂലം
പരിചിൽ നീ എന്നാൽ പരിണീതയല്ലോ
പരിണയത്തിൻെറ നിയമസാധുത്വം
നിഹനിക്കാനുണ്ടോ നിനക്കു പടുത്വം

കൃതാർത്ഥത:—

ഓമനിക്കേണ്ട നീതിയെ വിട്ടു
മാമകപ്രീതി നേടുവാൻ_
കോവിലിൽ തീയ്യുവെച്ചെരിച്ചിട്ടു
പ്രാവിനെ പിടിച്ചീടുവാൻ
പാടുപെട്ടിട്ടും ജീവിതമേ! നീ
കാടുകേറുന്നതെന്തിനാം?
നീതിവിട്ടൊരു ജീവിതത്തിനു
തോഴിഞാനല്ല തേറണം
മാമകചിത്തം ക്രൂരമാണെങ്കിൽ
ജീവിതേശൻ പൊറുക്കണം.

നീതി:—

പുണരുന്നേൻ ഹൃദയത്തെ പുളകിതോന്മേഷം
ഇതുവരെയറിയാത്തൊരു സുഖപരിവേഷം

"നീതിവെടിഞ്ഞതാം ജീവിതത്തിന്ന-
ങ്ങേതും കൃതാൎത്ഥതക്കെന്തവകാശം?"
എന്നിഷ്ടതോഴിയീ ദിവ്യസന്ദേശം
നന്നെ കുളുൎപ്പിച്ചെൻ കൎണ്ണാന്തികദേശം
ജീവിതത്തിന്നതിധന്യതയേകാൻ
ഭാവിയിൽ നമ്മളിരുവരും വേണം
പൂങ്കുയിൽപാട്ടിന്നു മാധുൎയ്യമേകാൻ
പൂങ്കുലയൊത്തുവസന്തം വരേണം
പാടിപ്പറക്കും പറവയ്ക്കുവാനിൽ
പാറിടാൻ രണ്ടു ചിറകുകൾ വേണം
മണ്ടുംരഥത്തിന്നു വേഗതകൂട്ടാൻ
രണ്ടുണ്ടുതേരുരുളെന്നറിയേണം

നീതിയും കൃതാൎത്ഥതയും:—

ജീവിതേശ! വിഷാദം കളക
മേവിടുന്നിതാ പ്രീതരായ് ഞങ്ങൾ
അപ്സരസ്സുകൾപോലെ ജഗത്തിൽ
ഉത്ഭവിച്ചവരാണ് ഈ ഞങ്ങൾ
മത്സരാദിവെടിഞ്ഞു സമസ്തം
തത്വവിധത്തിൽ ഞങ്ങളിരിക്കെ
മന്നതിലെന്നും പ്രീതിവളൎത്തി
ധന്യധന്യമായ് തീരും നിൻജന്മം

ജീവിതം:—

പുണരുന്നു ഹൃദയത്തെ പുളകിതോന്മേഷം
ഇതുവരെയറിയാത്തൊരു സുഖപരിവേഷം
ഭഗവതിനിർവൃതികാരിണിദേവി
ഭവബാധനീങ്ങിലഭിച്ചു മേ ശാന്തി
ചിരകാലദീക്ഷിതമായ സപര്യ
ക്കവിരളമേകിനീ കാരുണ്യപൂരം
അവസിതമാവോളം ജീവിതാദ്ധ്യായം
അവിരാമമാമിനി മമ ഭാഗധേയം!

---x---

വിദ്യാർത്ഥികൾ അവശ്യംവായിക്കേണ്ടതു്

# ഉപന്യാസരചന

പുത്തേഴത്തു രാമമേനോൻ

## I

ഇംഗ്ലീഷിൽ, "എസ്സെ" എന്നു സാധാരണ പറഞ്ഞുവരുന്ന "സാഹിത്യശാഖ"യെയാണു ഞാനിവിടെ, "ഉപന്യാസം," എന്ന പദം കൊണ്ടു വിവക്ഷിക്കുന്നതു്. അതിന്നു്, ഇംഗ്ലീഷിൽ, ഒരു "വ്യക്തിത്വവും വ്യവസ്ഥിതിയും പണ്ടേ സംസിദ്ധമായിട്ടുള്ളതാണു്. വിഖ്യാതന്മാരായ "എസ്സേയിസ്റ്റു"ം വിമോഹനങ്ങളായ "എസ്സേയു"ം ആ സാഹിത്യത്തിൽ, പ്രത്യേകം പ്രകീർത്തിതങ്ങളാണു്. എന്നാൽ, മലയാളത്തിൽ, വാസ്തവം പറഞ്ഞാൽ, അതൊരു പുത്തൻ പ്രസ്ഥാനമാണു്. മലയാളത്തിൽ എന്നു വെക്കണ്ടാ, ഭാരതീയ ഭാഷകളിലെല്ലാംതന്നെ, "എസ്സെ" എന്ന സാഹിത്യവകുപ്പു്, ഒരു നൂതനസൃഷ്ടിയാണു്; പാശ്ചാത്യസാഹിത്യസമ്പർക്കത്തിന്റെ സന്താനമാണു്. "പ്രബന്ധങ്ങൾ," എന്നുകൂടി "ഉപന്യാസങ്ങ"ൾക്കു പേരുപറയാറുണ്ടെങ്കിലും, പ്രബന്ധശബ്ദം—ചമ്പൂപ്രബന്ധങ്ങൾ എന്നുംമററും—ഭാരതത്തിൽ വളരെ പഴക്കമുള്ള ശബ്ദംതന്നെയാണെങ്കിലും, "എസ്സെ," എന്ന "ഉപന്യാസം" അതിൽനിന്നൊക്കെ, എത്രയോ വിഭിന്നവും, അതുമായി "പുലബന്ധം" പോലുമില്ലാത്തതും ആകുന്നു. പത്രങ്ങളുടെയും, വാരികകൾ, മാസികകൾ മുതലായവയുടെയും, പുറപ്പാടോടും, പ്രചാരത്തോടുംകൂടിയാകുന്നു, "ഉപന്യാസ"ങ്ങളുടെ ഉല്പത്തിയും, ഉപരതിയും സംഭവിപ്പിച്ചിട്ടുള്ളതു്. ഇംഗ്ലീഷ് വിദ്യാഭ്യാസവും, സർവ്വകലാശാലകളുടെ പഠനപരിപാടികളും, ഉപന്യാസപ്രസ്ഥാനത്തിന്റെ മഹിമകളേയും, കഴിവുകളേയും അഭ്യസ്തവിദ്യരിൽ രൂഢമൂലങ്ങളാക്കി. ഇന്നിപ്പോൾ, ഇന്ത്യയിലെ ഏതു ഭാഷയിലും, "ഉപന്യാസം"—പ്രബന്ധം, ലേഖനം, ആർട്ടിക്കിൾ, എന്നൊക്കെ അറിയപ്പെടുന്ന "എസ്സെ"—മാന്യസ്ഥാനത്തുതന്നെ ആരോഹണം ചെയ്യപ്പെട്ടിട്ടുണ്ടു്.

അനുകരണങ്ങൾ, മിക്കപ്പോഴും, അനുകരിക്കപ്പെടുന്ന മാതൃകകളുടെ മഹനീയതയേയും, മനോഹാരിതയേയും മാത്രമല്ല, അതിന്റെ ചരിത്രപശ്ചാത്തലത്തേയും വിസ്മരിക്കുന്നതു് സാധാരണമാണു്.

തിരിയിൽനിന്നു കുളുത്തിയ പന്തങ്ങളെപ്പോലെ അവ പിന്നീട് വളൎന്നാലും, ഗുരുവിനെ പിന്നിലാക്കുന്ന ശിഷ്യനായി പ്രശോഭിച്ചാലും, ആരംഭത്തേയും, ആദ്യമാതൃകയേയും മറക്കാതിരിക്കുന്നതിൽ, ഒരു മാന്യതയുണ്ടെന്നു സമ്മതിക്കാതെ തരമില്ല. രീതിയിലും, വിസ്തൃതിയിലും, വിഷയത്തിലും, വിചാരത്തിലും, ഇന്നത്തെ "ഉപന്യാസം," എത്രയൊക്കെ വ്യത്യസ്തവും, വിമോഹനവുമായിരുന്നാലും, നിരങ്കുശത്വംതന്നെ അതിൻെറ നിർവ്വൃതിസ്ഥാനമായി അനുഭവപെട്ടിരുന്നാലും, അതിന്നൊരു തറവാടും, തറവാട്ടുമുതലും ഉണ്ടെന്നുള്ള സംഗതി വിസ്മരിക്കാവുന്നതല്ല.

ഇംഗ്ലീഷ് സാഹിത്യവുമായുള്ള സംബന്ധത്തിൻെറ സന്താനമാണ്, "ഉപന്യാസം" എന്ന പുതിയ സാഹിത്യപ്രസ്ഥാനമെന്ന് കൃതജ്ഞതാപൂൎവ്വം സമ്മതിക്കുന്നതിൽ, അഭിമാനക്കുറവുണ്ടെന്നു തോന്നുന്നില്ല. ഇംഗ്ലീഷ് സാഹിത്യത്തിലും, "എസ്സെ" ഒരു പുരാതന പ്രസ്ഥാനമായിരുന്നില്ല; കാലാന്തരത്തിൽ വളൎന്നുവന്നതും, വ്യക്തമായ ഒരു രൂപം കൈക്കൊണ്ടതും ആയ ഒരു പുത്തൻ ശാഖയാകുന്നു. "അസ്സെ" എന്ന വാക്കിന്നുതന്നെ "ശ്രമം" എന്നാകുന്നു അൎത്ഥം; അതിൽനിന്നാകുന്നു "എസ്സെ" എന്ന വാക്കുണ്ടായതു്. "എസ്സെ" എന്ന പദത്തിന്നു, തന്നിമിത്തം, "ശ്രമഫലം"—പരീക്ഷാൎത്ഥം—എന്നു, ചരിത്രപരമോ, പദനിഷ്ഠമോ, ആയ ഒരു വ്യാഖ്യാനംകൂടി സമഞ്ജസമാകുന്നു.

ഡോക്ടർ ജോൺസൻ, "എസ്സെ" എന്നുവെച്ചാൽ, "അനിയന്ത്രിതമനസ്സിൻെറ ഒരുതരം എടുത്തുചാട്ടമോ, വാക്പ്രയോഗമോ ആകുന്നു; ക്രമരഹിതവും, വ്യാമിശ്രവും ആയ ഒരു ലേഖനം" എന്നാകുന്നു, പ്രസ്താവിച്ചിരിക്കുന്നതു്! ഇംഗ്ലീഷ് നിഘണ്ഡുക്കളിൽ നോക്കിയാൽ, "ഏതെങ്കിലും വിഷയത്തെ പുരസ്കരിച്ചു, ചുരുക്കത്തിലുള്ളതു, മിക്കപ്പോഴും ഗദ്യത്തിലുള്ളതും ആയ ഒരു സാഹിത്യലേഖനം", എന്നിപ്രകാരം, ആ പദത്തിന്നു് അൎത്ഥം കൊടുത്തിരിക്കുന്നതു കാണാം. ഇപ്രകാരം, "എസ്സെ" എന്ന വാക്കിന്നു, പലരും പലവിധത്തിൽ, അൎത്ഥനിൎണ്ണയം ചെയ്തിരിക്കുന്നു. എന്നാൽ, ഇവയിൽ ഒന്നും, പൂൎണ്ണമാണെന്നു പറഞ്ഞുകൂടാ. "എസ്സെ" പ്രസ്ഥാനത്തിൻെറ വളൎച്ചയുടെ ചരിത്രത്തിലെ ഓരോ ഘട്ടങ്ങളെക്കുറിക്കുന്ന വ്യാഖ്യാനങ്ങളോ, വിശേഷണങ്ങളോ ആകുന്നു അവയെല്ലാം എന്നു് മനസ്സിലാക്കുവാൻ പ്രയാസമില്ല. ഏതായാലും, എസ്സെ പ്രസ്ഥാനം, ഏതാനും ചില സിദ്ധികളോടും, വിശുദ്ധികളോടും കൂടിയ ഉൽകൃ

ഷ്ടമായ ഒരു സാഹിത്യശാഖയാകുന്നു. അതിന്നു, രണ്ടുവിധത്തിലുള്ള വ്യക്തിത്വമുണ്ടെന്നുംകൂടി പറയാം; ഒന്നു് ആ പ്രസ്ഥാനത്തിന്റേതായ സാമാന്യമായ ഒരു പ്രത്യേകതയും; രണ്ടു, എസ്സേയിസ്റ്റിന്റെ—ഉപന്യാസകർത്താവിന്റെ—പ്രവണതകളുടെ പ്രബുദ്ധതകൊണ്ടുണ്ടാകുന്ന ഒരു പ്രത്യേകതയും; രചനയുടെ സമ്പ്രദായവും. രചയിതാവിന്റെ "പേർസനാലിററി" (വ്യക്തിത്വവും) യും!

പലരും തെററായി ധരിച്ചിരിക്കാവുന്നതുപോലെ, ഉപന്യാസരചന,—ശരിയായ ഒരു പ്രബന്ധം എഴുതുകഎന്നതു്,—അത്ര ഉപായത്തിൽ ഒപ്പിക്കാവുന്ന ഒരു പ്രവൃത്തിയല്ല; അതു് വളരെ വിഷമംപിടിച്ചതും, വിയർപ്പു് വീഴ്ത്തുന്നതും ആയ ഒരു കലാപ്രകടനമാകുന്നു. ഉപന്യാസത്തിലും, കലയുണ്ടെന്നു സാരം. യഥാർത്ഥത്തിൽ, ഏതിലാണതില്ലാത്തതു്? പ്രതിഭയും, പ്രഗത്ഭതയുമുള്ളവർ കൈകാര്യം ചെയ്യുമ്പോൾ, ഉപന്യാസത്തിന്നുണ്ടാകുന്ന ഉയർച്ചയും, ഉൽബുദ്ധതയും സീമാതീതമാകുന്നു. അനുവാചകന്മാരും, അനുകരണക്കാരും, അവരിൽതന്നെ അസംപ്രേക്ഷകാരികളും, അനുഗൃഹീതശിഷ്യന്മാരും, ഏതു സ്ഥാനത്തിന്നും, പ്രസ്ഥാനത്തിന്നും ഉണ്ടാകാവുന്നതുപോലെ, ഉപന്യാസത്തിന്റെ കാര്യത്തിലും, "കണ്ണും മൂക്കുമില്ലാത്തവരും" "ബുദ്ധിയും ബോധവും" ഉള്ളവരും, കയ്യും കരളുമുള്ളവരും ഉണ്ടാകാവുന്നതാണു്; ഉണ്ടുതാനും. എന്നാൽ, "നിത്യാഭ്യാസി ആനയെ എടുക്കും," എന്നു പറയുന്നതുപോലെ, നിരന്തരവും; നിഷ്കൃഷ്ടവുമായ പരിശ്രമത്തിൽ, വലിയ വിജയം വരിക്കുവാൻ സാധിക്കുന്നതാകുന്നു. ആ നിലക്കുനോക്കുമ്പോൾ, ഒരുത്തന്റെ ബുദ്ധിപരമായ വ്യവസായവാസനയെ പുഷ്ടിപ്പെടുത്തുവാനും, സ്വന്തം വ്യക്തിത്വത്തെ വികസിപ്പിക്കുവാനും ഉതകുന്ന, ഒരു സാഹിത്യശാഖയാകുന്നു, "ഉപന്യാസം" എന്നുംകൂടി പറയാവുന്നതാകുന്നു.

തെററിദ്ധാരണ സംഭവിക്കാതിരിക്കുവാൻ, മുൻകൂട്ടി ഒരു താക്കീതു നല്കേണ്ടതു്, ഈ പതനത്തിൽ തന്നെ, ആവശ്യമാണെന്നു തോന്നുന്നു. സ്വന്തം പരിശ്രമംകൊണ്ടു് ഒരുത്തന്നു് ഉന്നതനായ ഒരു ഉപന്യാസകനാകാം എന്നു പറഞ്ഞതുകൊണ്ടു്, ആ ഒരു സത്യം, അളവില്ലാത്തതോ, "ആളവസ്ഥകളെ" അറിയാത്തതോ ആണെന്നു് ആരും ശങ്കിച്ചേക്കരുതു്. കവികളായി ജനിച്ചവരും, "കവിത്വം" പണിപ്പെട്ടു സമ്പാദിച്ചുയർന്നവരും ഉണ്ടെന്നു നമുക്കുതന്നെ അനുഭവമാണല്ലോ. ആ വ്യത്യാസം കാവ്യത്തെപ്പോലെ സമാദരണീയമായ ഒരു സാഹിത്യശാഖയായ ഉപന്യാസത്തിന്റെ വിഷയ

ത്തിലും വിചാരിക്കപ്പെടേണ്ടതാകുന്നു. ഉപന്യാസവകുപ്പിനെ, ഈ വീക്ഷണത്തിൽ, നമുക്കു രണ്ടായി തരംതിരിക്കാവുന്നതാണ്; സാഹിത്യപരങ്ങളായ ഉപന്യാസങ്ങൾ എന്നും, സാധാരണ ഉപന്യാസങ്ങൾ എന്നും. ആദ്യം പറഞ്ഞതിന്നു, മററെന്തൊക്കെ ഉണ്ടായിരുന്നാലും, സഹജമായ വാസനയുംകൂടി ഉണ്ടായിരിക്കണം; ഈശ്വരദത്തമോ, പ്രകൃതി അനുഗ്രഹിച്ചു നല്കിട്ടുള്ളതോ, അല്ലെങ്കിൽ, അതെന്താണെന്നു പറയാൻ പററാത്തതോ ആയ ഒരു "കലാശക്തി" തികച്ചും ഉണ്ടായിരിക്കണം. രണ്ടാമത്തു് പറഞ്ഞതിന്നു, സാധാരണ ബുദ്ധിയും, അസാധാരണ പരിശ്രമവും മാത്രമുണ്ടായാലും മതി. ആദ്യം പറഞ്ഞതു്, "സ്വയംഭൂ" ആണ്; രണ്ടാമതു പറഞ്ഞതു് "പ്രതിഷ്ഠ"യാണ്. ഒന്നു സഹജമാണ്, നിസർഗ്ഗസുന്ദരമാണ്; മററതു്, ക്രിത്രിമമാണ്, "കലം"സുന്ദരമാണ്.

രണ്ടാമത്തു് പറഞ്ഞതിനെ നമുക്ക, സൌകര്യാത്ഥം, "പണ്ഡിതോപന്യാസ"മെന്നോ "പരിശ്രമോപന്യാസ"മെന്നോ പറയാം. അതിൻെറ കെട്ടും പൂട്ടും, ക്രമം ക്ലിപ്തതയും, എല്ലാം, "വെള്ളംചേരാത്താവിധം" ഉറച്ചതും, ഉതിപ്പുള്ളതും ആയിരിക്കും. ഒരു കുററവും കുറവും കാണുകയില്ല. എങ്കിലും, എന്തോ ഒന്നിൻെറ അഭാവം, അതിൻെറ ആസ്വാദ്യതക്കു് കുറവുവരുത്തുന്നതായി അനുഭവപ്പെടുന്നു! എന്തുകൊണ്ടു്? ഉപന്യാസകത്താവു പരിശ്രമിയായ പണ്ഡിതനാണെങ്കിലും, അനുഗ്രഹീതനായ വാസനക്കാരനല്ലാത്തതുകൊണ്ടു്! ഉപന്യാസമെഴുത്തു പാഠശാലകളിൽ പഠിപ്പിക്കപ്പെടുന്നുണ്ടു്; ഉപന്യാസമത്സരങ്ങൾ, കായികാഭ്യാസമത്സരങ്ങളെപ്പോലെ, കലാലയങ്ങളിൽ നിഷ്കൃഷിക്കപ്പെടുന്നുണ്ടു്; "ഉപന്യാസമെഴുത്തു്, തപാൽമാർഗ്ഗമായി പഠിപ്പിക്കുന്ന കേമന്മാരുടെ പരസ്യങ്ങളും, ചിലപ്പോൾ പത്രങ്ങളിൽ കാണാം! "ഉപന്യാസരചനാപാടവം, "ജനകീയായുധത്തിൻെറ ഒരു അനിവാര്യഘടകമാണെന്നും പറയപ്പെടുന്നു. ആ "കല" ഏതു് കലാലയത്തിലും ആക്കും "ശീലി"ക്കാവുന്നതാണെന്നാണ് വെച്ചിരിക്കുന്നതു്. പ്രാഥമിക പാഠശാലകളിൽനിന്നുതന്നെ "ഉപന്യാസമെഴുത്തു" പരിശീലനം, ആരംഭിക്കയും അതു് വളൎന്നു വളൎന്നു, എൽ. എൽ. ഡി, പി. എച്ച്. ഡി. മതലായ ബിരുദങ്ങൾക്കുള്ള "ഡസർട്ടേഷൻ" എന്നുള്ള വിദഗ്ദ്ധോപന്യാസംവരെ, വളരുകയും ചെയ്യുന്നു; ഉപന്യാസരചനയിലുള്ള പഠിപ്പും, പാടവവും, പരിചയവും വിദ്യാഭ്യാസകാലത്തു പ്രത്യേകിച്ചും രണ്ടു് വിധത്തിൽ പ്രയോജനപ്പെടുന്നുണ്ടു്. വിദ്യാത്ഥികളുടെ മാനസികങ്ങളായ പ്രവണതകളെ വിക

സിപ്പിക്കുന്നതിന്നും, വേണ്ടവിധം ഉറപ്പിക്കുന്നതിന്നും, അതോടുകൂടി അവരുടെ വ്യക്തിത്വത്തെ (പേർസനാലിററിയെ) രൂപപ്പെടുത്തുന്നതിന്നും, അതു വളരെ സഹായിക്കുന്നു. തങ്ങളുടെ കീഴിലുള്ള അദ്ധ്യേതാക്കളെ, തരംതിരിക്കുന്നതിന്നും, താരതമ്യപ്പെടുത്തുന്നതിന്നും, അദ്ധ്യാപകന്മാരെയും അതു വളരെ സഹായിക്കുന്നു.

## II

ഉപന്യാസത്തിന്റെ മൂലകുഡുംബം, ഇംഗ്ലാണ്ടിലെ "എസ്സെ" ആണെങ്കിൽ, അതിന്റെ "തറവാടിത്തം" താറുമാറാകാതിരിക്കണമെങ്കിൽ, ആ കുടുംബപാരമ്പര്യത്തെക്കുറിച്ചു ചിലതെങ്കിലും അറിഞ്ഞിരിക്കണമല്ലൊ. ഇംഗ്ലീഷിലെ "എസ്സെ" വകുപ്പ്, മുമ്പു പ്രസ്താവിച്ചതുപോലെ വ്യക്തിത്വവും, വ്യവസ്ഥിതിയും തികഞ്ഞിട്ടുള്ളതാകുന്നു. അതിന്റെ വിശ്രുതചരിത്രമോ, വിലപിടിച്ച സമ്പാദ്യങ്ങളോ ഇപ്പോൾ വിസ്തരിക്കപ്പെടുന്നില്ല. അതിന്നു വേറെ ഒരു ഉപന്യാസം തന്നെ വേണ്ടിവരും. പ്രധാനമായി ഒരു ഉപന്യാസത്തിന്നു, നാലു പതനങ്ങളോ, ഖണ്ഡികകളോ ഉണ്ടായിരിക്കും; വിഷയാവതരണം (അതായത് അവതാരിക) വിഷയത്തിന്റെ ചരിത്രപരമായ പാശ്ചാത്തലം; വിഷയവിശകലനം; സമാപ്തീകരണം. ഉപന്യാസവിഷയം സ്വീകരിക്കുവാനുള്ള കാരണം, അതിന്റെ പ്രാമുഖ്യം, കർത്താവിന്റെ അർഹതമുതലായവയെല്ലാം അവതരണത്തിൽ ഉൾപ്പെടും.

ഏതൽ വിഷയകമായി, അതുവരെ നടന്നിട്ടുള്ള വിവിധചർച്ചകളുടെ സമഷ്ടിയായ ഒരു വീക്ഷണവും, അവയുടെ അപര്യാപ്തത, അസമീചീനത എന്നിവയും മററുമായിരിക്കും, രണ്ടാം ഭാഗത്തിൽ സ്പൃശിക്കപ്പെടുന്നവ. ആ വിഷയത്തെക്കുറിച്ചുള്ള ബഹുമുഖങ്ങളായ ചിന്തകൾ, അവയുടെ പൂർവ്വപക്ഷങ്ങൾ, പൂർവ്വപക്ഷസാധനങ്ങൾ, സ്വാഭിപ്രായങ്ങൾ, എന്നിവയൊക്കെ ഉൾക്കൊള്ളുന്നതായിരിക്കും, മൂന്നാം ഖണ്ഡം. എല്ലാററിനെയും സമാഹരിച്ചുകൊണ്ടും, സ്വാഭിപ്രായത്തെ ഉറപ്പിച്ചുംകൊണ്ടും, ആകുന്നു സമാപ്തീകരണം, എന്ന ചതുർത്ഥഭാഗം. ഈ ക്രമവും, ക്രമീകരണവും, "രൂപഭദ്രത"യുള്ള ഏതു് ഉപന്യാസത്തിലും, ഒട്ടുമുക്കാലും പ്രസ്പഷ്ടമായിത്തന്നെ കാണാവുന്നതാകുന്നു. നമ്മുടെ ഉപന്യാസങ്ങളിൽ ഒന്നെങ്കിലും,—എന്നു പറയുന്നില്ല, അധികവും—ഈ "മാനമണ്ഡത്തി"ന്നു വഴിപ്പെടുമോ എന്നു് സംശയമാണു്! അതിന്നുള്ള കാരണങ്ങൾ പലതാണു്. അ

വയെക്കുറിച്ചുള്ള വിമർശനത്തിന്നിപ്പോൾ മിനക്കെടുന്നില്ല, അതു കൊണ്ടുണ്ടാകുന്ന "മാററൊലി"കൾ, മാറാത്തവയുമായേക്കും; "അന്തരീക്ഷ"ത്തെ അലങ്കോലപ്പെടുത്തുന്നവയായേക്കും!

ഈ വകുപ്പും വ്യത്യാസവും, ഖണ്ഡനമണ്ഡനപ്രകരണങ്ങളും അവതരണസമാപ്തീകരണങ്ങളും, ഒന്നും, അത്ര പുതിയതല്ല, ഇംഗ്ലീഷുകാക്ക് മാത്രം അറിയാമായിരുന്നതല്ല, ഭാരതത്തിന്നു വിദേശീയരോട് കടം വാങ്ങേണ്ടിവന്നതില്ല; എന്നും, മററും പല സംസ്കൃതപണ്ഡിതവരേണ്യന്മാരും, ശഠിക്കുന്നതായിരിക്കും. അതും അതിലപ്പുറവും, പണ്ടത്തെ സംസ്കൃതക്കാക്ക് നിശ്ചയമുണ്ടായിരുന്നു എന്നു്, അഭിമാനപുരസ്സരം വാദിക്കുന്നവൻതന്നെയാണീയുള്ളവനും. സംസ്കൃതസാഹിത്യത്തിൽ ഏതദ് വിഷയകമായുള്ള ചില വ്യവസ്ഥകളെക്കുറിച്ചൊക്കെ, അല്പജ്ഞാനമെങ്കിലും, ഇങ്ങില്ലായ്കയുമില്ല. "അനുബന്ധചതുഷ്ടയ"മെന്നും, "ഷഡ്ലിംഗനിണ്ണയം" എന്നും മററുമുള്ള ശാസ്ത്രസിദ്ധാന്തങ്ങളെ വിസ്മരിച്ചുകൊണ്ടല്ല, മേൽപ്രകാരം പ്രസ്താവിച്ചിട്ടുള്ളതും. അനുബന്ധചതുഷ്ടയത്തിൽ, അധികാരി, (ആരെ ഉദ്ദേശിച്ചാണു ഗ്രന്ഥനിമ്മാണം) വിഷയം, (എന്താണു ഗ്രന്ഥത്തിലെ ഉള്ളടക്കം), സംബന്ധം, (വ്യതിചലനം കൂടാതെ വിഷയസംബന്ധം നിലനിത്തൽ), പ്രയോജനം, (ഗ്രന്ഥംകൊണ്ടുള്ള പ്രയോജനം) എന്നിവയാണുൾപെടുന്നതു്. അതിൽ പറയുന്ന "സംബന്ധം", എന്ന വിഭാഗത്തിൽ പെടുന്നവയാണു്, വേറെയുള്ള ആറു കൂട്ടങ്ങൾ അവയെ ഇങ്ങിനെ സംഗ്രഹിച്ചിരിക്കുന്നു. "ഉപക്രമോപസംഹാരഃ അഭ്യാസോ പൂവ്വതഫലം. അത്ഥവാദോപപത്തിച, ഷഡ്ലിംഗ നിണ്ണയം." ഉപക്രമം (വിഷയത്തെ പ്രവേശിപ്പിക്കലായ അവതാരിക); അഭ്യാസം, (ആവത്തനം അതായതു വിഷയതത്ത്വവിനെ എടയ്ക്കിടയ്ക്ക് ആവത്തിച്ചുറപ്പുവരുത്തൽ); അപൂവ്വത (ഇതരവിഷയങ്ങൾക്കു പ്രാധാന്യം നൽകാതെ പ്രസ്തുതവിഷയത്തെതന്നെ മുൻനിത്തി); ഫലം (പ്രസ്തുത ഗ്രന്ഥംകൊണ്ടുദ്ദേശിക്കപ്പെടുന്ന പ്രയോജനം); അത്ഥവാദോപപത്തികൾ, (ആവശ്യമുള്ളേടത്തോളം യുക്തിവാദവും, അതിശയോക്തിയും മററും); ഉപസംഹാരം, (പ്രവേശിപ്പിച്ച വിഷയത്തെ ഉപസംഹരിക്കൽ).

ഇത്രയും ഇതിലധികവുമൊക്കെ പഴയസംസ്കൃത ശാസ്ത്രഗ്രന്ഥങ്ങളിൽ കാണാവുന്നതാണ്. അവയുടെയെല്ലാം കൂടിയുള്ള ഒരു സംഗ്രഹമാണുതാനും ഉപന്യാസത്തിൻെറ നാലു ഭാഗങ്ങളായി മേൽ ഉദ്ധരിക്കപ്പെട്ടതും. എന്നാൽ, ഒരു സംഗതി, സൂക്ഷ്മഗ്രാഹി

കരം, ഇപ്പോഠംതന്നെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കും. സംസ്കൃതത്തിലെ ശാസ്ത്രവിധികളെല്ലാം, പ്രധാനമായ ശാസ്ത്രഗ്രന്ഥങ്ങഠംക്കു മാത്രം ബാധകമായിട്ടുള്ളവയാണ്. അല്ലാതെ; ഇവിടത്തെ പ്രബന്ധവിഷയമായ, ഉപന്യാസരചനയെപ്പോലുള്ള ചെറിയ സംഗതികഠംക്കു സംബന്ധപ്പെട്ടവയല്ല. അത്രത്തോളം ആലോചിച്ചാൽ ഉപന്യാസത്തിൻെറ മഹത്തും ബൃഹത്തും ആയ ഒരു രൂപം മാത്രമാണു ഗ്രന്ഥവും; ഗ്രന്ഥത്തിൻെറ ഒരു ഹ്രസ്വരൂപമാണ് ഉപന്യാസവും! ആ സ്ഥിതിക്കു ഗ്രന്ഥനിർമ്മാണനിയമംതന്നെ ഉപന്യാസരചനക്കും! അതും സമ്മതിക്കാം. എന്നാലും "ഉപന്യാസം" എന്ന സാഹിത്യപ്രസ്ഥാനം ആ നിലയിൽ സംസ്കൃതത്തിൻെറ നല്ല കാലത്തും ഇല്ലാതിരുന്നതുകൊണ്ടു സംസ്കൃതനിയമങ്ങഠം ഗ്രന്ഥങ്ങളെയല്ലാതെ ഉപന്യാസങ്ങളെ പരാമർശിച്ചിരുന്നില്ല.

സംസ്കൃതത്തിൽ ഉണ്ടായിരുന്നുവോ ഇല്ലയോ എന്നുള്ളതല്ലല്ലോ ഇവിടത്തെ ചിന്താവിഷയം. ഉപന്യാസം ഒരു പ്രത്യേകസാഹിത്യവകുപ്പായി വേർതിരിഞ്ഞു വളർന്നതു പാശ്ചാത്യരാജ്യത്താണെന്നും അതിൻെറ മാതൃക പിടിച്ചാണു ഭാരതീയസാഹിത്യത്തിൽ ആ ശാഖ വളർന്നതെന്നും നിരാക്ഷേപമായിരിക്കെ ഉപന്യാസശാഖയെ പാശ്ചാത്യ സാഹിത്യ വിചക്ഷണന്മാർ എപ്രകാരം വളർത്തിക്കൊണ്ടുപോന്നു എന്ന് അറിയുന്നതു യുക്തവും ആവശ്യവുമാണല്ലോ. അതുകൊണ്ടുമാത്രം ഇത്രയും വിവരണവും വ്യതിയാനവും വേണ്ടിവന്നതാണ്. "ഉപന്യാസ"ത്തെ പൂർണ്ണരൂപത്തിലുള്ള ഒരു സാഹിത്യപ്രകടനമായി പാശ്ചാത്യർ അംഗീകരിച്ചു. അതിനെ അവർ അതിർത്തികളിട്ടും, അലങ്കാരങ്ങഠം അണിയിച്ചും, രൂപഭദ്രതയും, ഭാവഭദ്രതയും നല്കിയും സംപൂജ്യസ്ഥാനത്തു പ്രതിഷ്ഠിക്കുകയും ചെയ്തു. അതിനെ ആ നിലയിൽ കാണുന്നതു പ്രയോജനപ്പെട്ടുമെന്നു് ആരും സമ്മതിക്കുന്നതായിരിക്കും. ചെറുകഥകളെപ്പോലെത്തന്നെ മാസികകളിലും മററും ഉപന്യാസങ്ങഠംക്കും ഇന്നു മാന്യസ്ഥാനമുണ്ട്. ചെറുകഥകളുടെ സമാഹാരങ്ങളെപ്പോലെ ഉപന്യാസങ്ങളുടെ സമാഹാരങ്ങളും പുസ്തകരൂപത്തിൽ പുറപ്പെട്ടു സാഹിത്യസമ്പത്തിനെ പുഷ്ടിപ്പെടുത്തുന്നുമുണ്ട്.

## III

"ഉപന്യാസം, ഒരു സാഹിത്യശാഖ" എന്ന ഭാഗത്തിൽനിന്നു വിദ്യാർത്ഥികഠം അവശ്യം ഖശപ്പെടുത്തേണ്ടിയിരിക്കുന്ന ഒരു പാഠം

പദ്ധതി എന്ന നിലയിലേക്കു പ്രവേശിച്ച്, അവക്ക് പ്രയോജനപ്പെട്ടുമെന്നു തോന്നുന്ന ചില സംഗതികൾകൂടി—അവ കേവലം സാധാരണങ്ങളായിരിക്കാമെങ്കിലും—സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു. മുഖ്യമായും, സാഹിത്യകാരന്മാരെയല്ല, വിദ്യാർത്ഥികളെയാണ് ഈ ലേഖനകർത്താവ് ഉദ്ദേശിച്ചിട്ടുള്ളതും. ഒരു വിഷയത്തെക്കുറിച്ചു, ഒരു ഉപന്യാസം എഴുതുവാൻ നിർദ്ദേശിക്കപ്പെട്ട വിദ്യാർത്ഥി—അങ്ങിനെ നിർദ്ദേശിക്കപ്പെടുന്നതു് ഒരു നിത്യസംഭവമാണല്ലൊ—ആ കാര്യം, എങ്ങിനെ നിർവ്വഹിക്കണം, അഥവാ, അതിൻെറ നിർവ്വഹണത്തിൽ, ആ വിദ്യാർത്ഥി എന്തെല്ലാം സംഗതികളിൽ മനസ്സുവെക്കണം, എന്നാണീ ഖണ്ഡികയിൽ സാമാന്യമായി പറയുവാൻ പുറപ്പെടുന്നതു്.

ഒരു അവതാരികയോടുകൂടിയാണല്ലോ ഉപന്യാസം ആരംഭിക്കേണ്ടതു്. ഉപന്യാസവിഷയത്തിൽ, ഉടനെ ശ്രദ്ധപതിയുമാറു്, അതിലെ വിഷയത്തിൻെറ പ്രാമുഖ്യത്തെ പ്രദ്യോതിപ്പിക്കുമാറു്, അധികം നീളമില്ലാത്തവയും, വലിയ വാക്കുകളോ കഠിനങ്ങളായ സമസ്തപദങ്ങളോ ഉൾക്കൊള്ളാത്ത ഒന്നു രണ്ടു നല്ല വാചകങ്ങളിൽ വിഷയാവതരണം നിർവ്വഹിക്കണം. വിഷയത്തിൻെറ ഒരു വിവരണത്തോടുകൂടി തുടങ്ങുന്നതു്, ആ വിവരണത്തെ സ്പഷ്ടവും സമ്പൂർണ്ണവുമാക്കി ചെയ്യുവാൻ സാധിക്കാത്തപ്പോൾ, അവിവേകവും ആപല്ക്കരവുമാകുന്നു.

ഉദാഹരണമായി "ഉപന്യാസരചന" എന്ന വിഷയംതന്നെ എടുക്കുക. "ഉപന്യാസ"ത്തിൻെറ ഒരു നല്ല വിവരം (definition) കൊടുക്കുക അത്ര എളുപ്പമല്ല. നേരെമറിച്ച്, ഏതു ഭാഷയിലെയും സാഹിത്യത്തിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു സ്ഥാനമാകുന്നു ഉപന്യാസവകുപ്പിനുള്ളതു്" എന്നോ, മറ്റോ ആരംഭിക്കുന്നതായാൽ, ആശയം സ്പഷ്ടമായിരിക്കും. വായനക്കാരനിൽ അതിന്നപ്പുറംകൂടി കേൾക്കണമെന്നുള്ള മോഹം സംജാതമാകുകയും ചെയ്യും! ആദ്യത്തെ വാചകംതന്നെ ഒരു വാദവിഷയമോ തർക്കിക്കപ്പെടാവുന്ന സംഗതിയോ ആയിപ്പോകാതെ സൂക്ഷിക്കണം. നല്ല വിവേകവും വിജ്ഞാനവും ഉള്ളപക്ഷം വെറും ഒരു നേരമ്പോക്കു പറഞ്ഞുകൊണ്ടും ഉപന്യാസം ആരംഭിക്കാം. എന്നാൽ അതു വിദഗ്ദ്ധന്മാർക്കല്ലാതെ വിദ്യാർത്ഥികൾക്കു പരീക്ഷിച്ചുനോക്കാവുന്നതല്ല. "ഇന്നത്തെ ചില സന്യാസിമാരെപോലെയിരിക്കുന്നു ഉപന്യാസത്തിൻെറയും നില; അർത്ഥമില്ല. ആശയമില്ല, അലങ്കാരവുമില്ല"

ചുരുക്കത്തിൽ, അവതാരികയിലെ ആ നാലഞ്ചു വാചകങ്ങൾ ഉപന്യാസകർത്താവിന്നു ആ വിഷയത്തെ കുറിച്ചു ചിലതൊക്കെ പറയുവാനുണ്ടെന്നും അയാൾക്കു് അതു പറയുവാൻ അറിയാമെന്നും വായനക്കാരനെ ധരിപ്പിക്കുന്നതിന്നു പററിയവയായിരിക്കണം.

ചരിത്രപശ്ചാത്തല പരാമർശം എന്ന രണ്ടാംഖണ്ഡം സാഹിത്യോപന്യാസങ്ങൾക്കല്ലാതെ സ്കൂൾ കുട്ടികളുടേയോ, കോളേജ് വിദ്യാർത്ഥികളുടേയോ ഉപന്യാസങ്ങളെ അത്ര കലശലായി ബാധിക്കുന്നതല്ല. ഒരു ചെറിയ ഉപന്യാസത്തിൽ അതിന്നു് അധികം സ്ഥലം അനുവദിക്കുന്നതു സമുചിതവുമല്ല. എന്നുവെച്ചു് ആ ഭാഗം അങ്ങിനെത്തന്നെ പരിത്യാജ്യമാണെന്നു ധരിച്ചുപോകയുമരുതു്. അതും ഉപന്യാസത്തിലെ ഒരു ഘടകംതന്നെയാകുന്നു. ഒന്നോ രണ്ടോ വാചകങ്ങളിലധികം ആ വകക്കു് ഉപയോഗിക്കരുതെന്നു മാത്രം. ഉപന്യാസശാല ഇംഗ്ലണ്ടിൽ ആരംഭിച്ചകാലം അതിന്നുണ്ടായതായ വളർച്ച് പണ്ടത്തെ ഇന്ത്യയിൽ ഉപന്യാസശാഖയുടെ അഭാവസ്ഥ അതിവിടെ കടന്നുകൂടിയ കാലം അതിൻെറ രൂപഭേദങ്ങൾ എന്നു തുടങ്ങി അനവധി സംഗതികളുണ്ടായിരിക്കും പ്രസ്തവ്യങ്ങളായിട്ടു. എന്നാൽ അതിനൊന്നും മിനക്കെടാതെ ഒരൊററ വാചകത്തിൽ ആ ഭാഗം അവസാനിപ്പിക്കാവുന്നതാണു്. “ഒരു സാഹിത്യപ്രസ്ഥാനം എന്ന നിലയിലാണ് ഉപന്യാസം ഭാരതീയഭാഷകളിൽ സ്ഥാനം പിടിച്ചതു്. ഇംഗ്ലീഷുഭാഷയുമായുണ്ടായ സമ്പർക്കത്തിന്നുശേഷവും അതുവഴിക്കും ആകുന്നു. ഇന്നു് അതിന്നു സർവ്വാദരണീയമായ സമുന്നതസ്ഥാനംതന്നെ സിദ്ധിച്ചിട്ടുണ്ടു്.”

വിഷയവിശകലനം, എന്ന മൂന്നാംഖണ്ഡമാണു പ്രധാനമായിട്ടുള്ളതു്. കോഴിമുട്ടയിലെ “ഉണ്ണി” എന്നപോലെ, ഉപന്യാസത്തിൻെറ ഉള്ളിലെ സത്തും, സ്വത്തും കിടക്കുന്നതു് അവിടെയാണു്. അതിൽ പ്രത്യേകം മനസ്സിരുത്തേണ്ട ചില സംഗതികളെ സൂചിപ്പിക്കുവാനല്ലാതെ, ഉദാഹരിച്ചു കാട്ടുന്നതിന്നു, കാലവും സ്ഥലവും പോരാതിരിക്കുന്നു. ആശയങ്ങൾ കൂടിക്കലരാതെയും, ഒന്നിലധികം ആശയങ്ങളെ ഒരു വാചകത്തിൽ കുത്തിച്ചെലുത്താതെയും, അർത്ഥഗ്രഹണം പ്രയാസമാകുമാറു വാചകഘടനയെ അലങ്കോലപ്പെടുത്താതെയും സൂക്ഷിക്കുന്നതാണു് ഒന്നാമത്തെ ആവശ്യം.

വാദങ്ങൾക്കും, ന്യായങ്ങൾക്കും, പ്രമേയങ്ങൾക്കും, സമർത്ഥനങ്ങൾക്കും ക്രമമായ ഒരു വളർച്ച്; പ്രധാനം, അധികം പ്രധാനം, ഏററവും പ്രധാനം എന്നിങ്ങനെ അവയെല്ലൊക്കെ സ്പഷ്ടമായി കാണാ

വുന്ന ഒരു പുരോഗമനം ആ രചനയിൽ ഉണ്ടായിരിക്കണം. വലിയ ഒരു സംഗതി പറഞ്ഞതിന്നുശേഷം, ഉടനെത്തന്നെ വളരെ നിസ്സാരമോ; ബാലിശമോ ആയ മററൊന്നിനെക്കുറിച്ചു പറയുന്നതു്, ഒരിക്കലും ചെയ്തുപോകരുതു്. അന്യാഭിപ്രായങ്ങളെ പരാമർശിക്കാം. എന്നാൽ, അതു്, അന്തസ്സോടുകൂടിച്ചെയ്യണം. സ്വാഭിപ്രായത്തെ കാരണസഹിതം സ്ഥാപിക്കാം. എന്നാൽ, അതും, ഔദ്ധത്യത്തോടുകൂടിയായിരിക്കരുതു്. ഒരു "ഫണൽ" കുത്തിനിത്തിയാലെന്നപോലെ, ചുരുക്കത്തിൽ നിന്നു പുറപ്പെട്ടു, വിടന്നു വിടന്നു വലുതായി വികസിക്കുന്ന തരത്തിലായിരിക്കണം, വിഷയവിശകലനവും വികസനവും, സ്വാഭിപ്രായസ്ഥാപനവും.

സമാപ്തീകരണം, അതുവരെ പറഞ്ഞതിൻെറ സർവ്വാത്ഥസാരത്തെ സമാഹരിച്ചുകൊണ്ടുള്ള ഒരു തിരോധാനമാകുന്നു. ഉദ്ദേശം സമ്പൂർണ്ണം സാധിച്ചതായി, ആ അവസാനഭാഗംകൊണ്ടുതന്നെ തെളിയണം. ആ കൃതകൃത്യതയെ പ്രഖ്യാപനംചെയ്യുന്ന തേജസ്സും ഓജസ്സും ഉണ്ടാകുന്ന ഒന്നുരണ്ടു വാചകങ്ങൾ, ഒരിക്കലും അസ്ഥാനത്താകയില്ല.

ഇനി കുറഞ്ഞൊന്നു പറയുവാനുള്ളതു് ഉപന്യാസഭാഷയെ സംബന്ധിച്ചാണു്. നീണ്ട വാചകങ്ങളുടെയും, കാലം കഴിഞ്ഞു. അത്ഥപൂത്തിക്കും, അലങ്കാരപൂത്തിക്കും, ശക്തിസമ്പാദനത്തിന്നും, അവ രണ്ടും വേണ്ടെന്നു വിശ്വവിഖ്യാതന്മാരായ ഉപന്യാസകത്താക്കന്മാരൊക്കെ—സാഹിത്യാചാര്യന്മാരെല്ലാം—പ്രസംഗിക്കയും പ്രവൃത്തിച്ചു കാണിക്കുകയും ചെയ്തിരിക്കുന്നു. മഹാത്മജിയുടെ ലേഖനങ്ങൾ നോക്കുക; ചുരുക്കം, സ്പഷ്ടം, സുന്ദരം, ശക്തം!

നാമൊരു കെട്ടിടം പണിയിക്കുവാൻപോകുന്നു എന്നു വിചാരിക്കുക. ആദ്യംതന്നെ, അതിൻെറ ഒരു പ്ലാൻ, നമ്മുടെ സങ്കല്പമോ താല്പര്യമോ അനുസരിച്ചു സനിഷ്കഷം തയ്യാറചെയ്യുന്നു. രണ്ടാമതായി, ആ പണിക്കു വേണ്ട സാധനസാമഗ്രികളെ കണക്കുപ്രകാരം നല്ലവയായി സംഭരിക്കുന്നു. മൂന്നാമതു്, ആ സാധനങ്ങളെ അതാതിൻെറ സ്ഥലത്തും സ്ഥാനത്തും സ്ഥാപിക്കുന്നതിന്നു പററിയ പണിക്കാരെ, ആ പ്രവൃത്തി ഭരമേല്പിക്കുന്നു. നാലാമതു, നാമതിൻെറയൊക്കെ മേൽനോട്ടം വഹിച്ചുകൊണ്ടു, കെട്ടിടപ്പണി നടത്തി, മുഴുവനാക്കുന്നു. അതുപോലെ പ്രവൃത്തിക്കണം ; ഉപന്യാസമെഴുതുന്ന വിദ്യാത്ഥിയും; വിഷയത്തിൻെറ "പോയിൻറു" കുറിക്കുക എന്ന പ്ലാനം, അതിൽ എന്തൊക്കെ പറയണമെന്നുള്ള സാധനസംഭരണവും

ആശയങ്ങളെ വകുപ്പുകളാക്കി ഭാഗിച്ച്. അതാതിന്നു വേണ്ട വാക്കുകളെ ഏല്പിക്കലും; എല്ലാം കൂട്ടിച്ചേർത്തു പ്രബന്ധം നിർമ്മിക്കുക എന്ന പണി കഴിക്കലും. സാധനസംഭരണമാണു വലിയതും വിലപിടിച്ചതുമായ കാര്യം! വായിച്ചും ചിന്തിച്ചും അറിവു സമ്പാദിക്കൽ മാത്രമാണ് അതിന്നുള്ള ഏകമാർഗ്ഗം.

# ജെയ്ംസ് വാററ്. (1736-1819)

(പി. ജി. എം.)

ആവിശക്തിമൂലം യന്ത്രങ്ങളെ പ്രവർത്തിപ്പിക്കുന്നതിനെപ്പററി ഗവേഷണങ്ങൾ നടത്തി വിജയം വരിച്ച മഹാനാണു ജെയ്ംസ് വാററ്. അദ്ദേഹത്തിനും ഒമ്പതു നൂററാണ്ടുകൾക്കു മുമ്പു തുടങ്ങിയിരുന്നു ഈ രംഗത്തിൽ ശാസ്ത്രജ്ഞന്മാരുടേയും നിർമ്മാതാക്കളുടേയും പ്രവർത്തനങ്ങൾ. നിലവിലുണ്ടായിരുന്ന സിദ്ധാന്തങ്ങളെ സശ്രദ്ധം പരിശോധിച്ച് അവയുടെ പ്രായോഗികതയ്ക്കു ശക്തിയും എളുപ്പവും കൂട്ടിയതിലാണു വാററിന്റെ മെച്ചം.

ഡാർട്ട്മത്തിൽ വസിച്ചിരുന്ന തോമസ് ന്യൂക്കോമൻ (1663-1729) എന്ന കൊല്ലൻ ആണ് യന്ത്രങ്ങൾ നടത്തുന്നതിന് ആവിശക്തി ഉപയോഗപ്പെടുത്താമെന്നു ആദ്യം തെളിയിച്ചതു്. കാപ്പിക്കിണ്ടിയുടെ മൂടി ആവിതട്ടി മേലോട്ടും കീഴോട്ടും ചാടുന്നതു നോക്കി ആവിയുടെ ശക്തിയെപ്പററി കൂടുതൽ പഠനങ്ങൾ നടത്തുവാൻ ഉദ്യുക്തനായതു് ആദ്യമായി ന്യൂക്കോമനാണ്. അതു വാററിന്റെ ചരിത്രത്തോടൊട്ടിച്ചതു പിന്നീടാണ്. ഏതായാലും, ആവിശക്തി സഫലമാംവിധം ഉപയോഗപ്പെടുത്താറാക്കിയതിനുള്ള പേരും പെരുമയും നേടിയതു വാററുതന്നെയാകുന്നു.

ഒരു ബാലനായിരിക്കുമ്പോൾ ജേയ്ംസ് വാററ് ഭാവിയിൽ ഒരു മഹാനായിത്തീരുമെന്നതിന്നൊരു ലക്ഷണവും ഉള്ളവനല്ലായിരുന്നു. അധികമൊന്നും സംസാരിക്കാതെ, അടങ്ങിയൊതുങ്ങി ഒരു മൂലയിലങ്ങനെ കുത്തിപ്പിടിച്ചിരിക്കുന്നതിലായിരുന്നു കുട്ടിക്ക് ഇഷ്ടം. ഇങ്ങനെ ഒന്നിനും കൊള്ളാതെ കഴിഞ്ഞുകൂടുന്നതിനെപ്പററി ഒരിക്കൽ അദ്ദേഹത്തിന്റെ അമ്മായി അദ്ദേഹത്തെ കുററപ്പെടുത്തുകയുണ്ടായി. കാപ്പിപ്പാത്രത്തിന്റെ അടപ്പെടുത്തിടുകയും, കോ

ഷ്പ്രയും സ്പൂണും ആവിക്കുമേലെ കാട്ടുകയും മററും ചെയ്തു പലതും തിരുപ്പിടിച്ചുകൊണ്ടു് ഒരു മണിക്കൂറോളം തീൻമേശയുടെ അരുകിലിരുന്ന മൗനിയായ ബാലനെയാണു ഇങ്ങനെ അവർ ശാസിച്ചതു്. ഒരു സമയം ആവിയുടെ പ്രവൎത്തനത്തെ ഉററുനോക്കയല്ലായിരുന്നു, അപ്പോൾ കുട്ടിയെന്നു എങ്ങനെ കരുതാം?

ഗ്ലാസ്ഗോ സൎവ്വകലാശാലയുടെ പരിധിക്കുള്ളിൽ ചില യന്ത്രോപകരണങ്ങൾ ഉണ്ടാക്കുന്ന ജോലിയിലാണു വാററ് പിന്നീടു ഏൎപ്പെട്ടതു്. ന്യൂക്കോമൻ ഉണ്ടാക്കിയ ഒരു എഞ്ചിൻ കേടുതീൎക്കുവാനായി അദ്ദേഹത്തെ ഏല്പിക്കയുണ്ടായി. അതിൽ ചില പരിഷ്കാരങ്ങൾ വരുത്തിയാൽ കൂടുതൽ ഉപയോഗസമൎത്ഥമാകുമെന്നു അദ്ദേഹം കണ്ടുപിടിച്ചു. വെള്ളം തിളക്കാനുപയോഗിക്കുന്നവിടം കുറച്ചുകൂടെ വിസ്തൃതമാക്കിയാൽ, ആവിശക്തി കൂടുതൽ കിട്ടുവാനിടവരുമെന്നു അദ്ദേഹത്തിനു തോന്നി. "എയർ പമ്പ്" ഉപയോഗിച്ചു് ആവിയെ കൂടുതൽ സ്വശക്തമാക്കിത്തീൎക്കാമെന്നു അദ്ദേഹം കണ്ടെത്തി. ആവി ഉരുപ്പിടിക്കുന്ന അറയിലെ ഉഷ്ണനില കുറയ്ക്കാൻ തക്കവിധം പച്ചവെള്ളം അതിലേയ്ക്കു തുടൎച്ചയായി ഒഴുകുവാനുള്ള ഏൎപ്പാടുമുണ്ടാക്കി. വൎത്തുളത്തിന്റെ (Cylinder) ഉഷ്ണനില കൂടുതലാക്കയും ചെയ്തു. ആവി ഘനീഭവിപ്പിക്കുന്നതിനു വേറൊരു പാത്രം ഇതിനോടു ഘടിപ്പിച്ചിട്ടാണു് ഇങ്ങനെ വരുത്തിയതു്. എഞ്ചിൻ ഇങ്ങനെ പരിഷ്കൃതമായതിനാൽ വിറകിന്റെ മുന്നത്തേക്കാൾ മുക്കാൽഭാഗം കുറവുകിട്ടി. ഖനി പ്രവൃത്തിയിലായിരുന്നു ഇതു് ഉപയോഗപ്പെടുത്തിയിരുന്നതു്. പല മാസങ്ങൾകൊണ്ടു തീൎന്നിരുന്ന പണി പതിനേഴുദിവസംകൊണ്ടു തീരുമെന്നായി. കോൺവാളിലായിരുന്നു ഈ യന്ത്രം ആദ്യം ഉപയോഗപ്പെടുത്തിയതു്. ഖനികളിലും വ്യവസായശാലകളിലും മാവുണ്ടാക്കുന്ന മില്ലുകളിലും ആവിശക്തി ഉപയോഗിച്ചു പ്രവൃത്തികൾ നടത്തുവാൻ തരംവന്നു. തുരങ്കവഴികളുണ്ടാക്കുവാനും വീടുകൾ കെട്ടുവാനും കപ്പലുകളിൽനിന്നു സാമാനം നീക്കം ചെയ്യുവാനും സമുദ്രംവഴിക്കോ പൎവ്വതംവഴിക്കോ, മരുഭൂമിവഴിക്കോ ധാരാളം സാധനങ്ങൾ കടത്തുന്നതിനും ഈ ശക്തി ഉതകുമെന്നായി. ആവിശക്തി ഉപയോഗപ്പെടുത്തിയിരുന്ന പരിമിതപരിധിയിൽനിന്നു വിപുലമായ നാനാതരം തോതിൽ അതിനെ ഉപയോഗയോഗ്യമാക്കിത്തീൎക്കാൻ വാററിന്റെ പരിഷ്കരണംകൊണ്ടു സാദ്ധ്യമായിത്തീൎന്നു.

എന്നാൽ, സ്വന്തകണ്ടുപിടുത്തങ്ങൾകൊണ്ടു അത്ര മുതലെടുക്കുവാൻ ഈ ശാസ്ത്രജ്ഞനു സാധ്യമായില്ല. ഒരു ഇരുമ്പുശാലയുടെ ഉടമയായ ഡാക്ടർ റോബക്കും വെള്ളികൊണ്ടു സാധനങ്ങളുണ്ടാക്കിയിരുന്ന ബെർമിങ്ങാമിലെ മാത്യു ബോൾട്ടണും ആയിരുന്നു അദ്ദേഹത്തിനു ധനസഹായം ചെയ്തിരുന്നവർ. ബോൾട്ടൻെറ പിൻതാങ്ങില്ലായിരുന്നെങ്കിൽ വാററ് തൻെറ പരീക്ഷണങ്ങളിൽനിന്നു പിൻമാറിയേനെ. എഞ്ചിനുകൾ നിർമ്മിക്കുവാൻ നല്ല പണിക്കാരെ കൊടുക്കുവാൻ ബോൾട്ടനു തരപ്പെട്ടതാണു വലിയ സഹായമായിത്തീർന്നതു്. ഗ്ലാസ്ഗോവിൽ കൊല്ലന്മാരും തകരപ്പണിക്കാരും മാത്രമേ പണിക്കു കിട്ടാവുന്നവരായുണ്ടായിരുന്നുള്ളു. എന്നാൽ ബോൾട്ടൻ ഏർപ്പെടുത്തിയിരുന്ന പ്രവൃത്തിക്കാർ ലോഹസംബന്ധമായ എല്ലാ നിർമ്മാണങ്ങളിലും കുശലന്മാരായിരുന്നു. അവരെ ഉപയോഗപ്പെടുത്തുവാൻ തരപ്പെട്ടതു വാററിനു വലിയ സഹായമായി.

അറുപത്തിനാലാമത്തെ വയസ്സിൽ ഇത്തരം ജോലികളിൽനിന്നു വാററ് വിരമിച്ചു. ശില്പകലാമാതൃകകളെ പകർത്തുവാനുപകരിക്കുന്ന ചില കണ്ടുപിടുത്തങ്ങളിലായി അദ്ദേഹത്തിൻെറ ശ്രദ്ധ. അതൊന്നും അത്ര ഫലപ്രദമായില്ല. 1819-ൽ 83-ാമത്തെ വയസ്സിലായിരുന്നു അദ്ദേഹത്തിൻെറ മരണം. വെസ്റ്റ്മിനിസ്റ്റർ പള്ളിയിലാണ് അദ്ദേഹത്തെ മറചെയ്തതു്. ആവിശക്തി വമ്പിച്ച നിർമ്മാണത്തിന്നുപയുക്തമാക്കിത്തീർത്ത ശാസ്ത്രജ്ഞനെന്ന നിലയ്ക്കു് ജെയിംസ് വാററിൻെറ സ്തുത്യർഹമായ സേവനം ലോകത്തിൻെറ കൃതജ്ഞതാപൂർവ്വമുള്ള ചിരസ്മരണയ്ക്കു് അദ്ദേഹത്തെ അർഹനാക്കി. ജീവിതം പരോപകാരമായിത്തീരുന്നതിൽപരം കൃതാർത്ഥത നൽകുവാൻ മറെറന്തുണ്ടു്.?

# ഒരു മന്ത്രത്തിൻെറ അർത്ഥം

(വി. കെ. നാരായണഭട്ടതിരി)

"ഉലൂകയാതും ശുശുലൂകയാതും
ജഹിശ്വയാതും ഉത കോകയാതും
സുപർണ്ണയാതും ഉത ഗൃധ്രയാതും
ദൃഷദേവ പ്രമൃണ രക്ഷ ഇന്ദ്ര" (ഋഗ്വേദം)

ഇതിന്നു് സായണൻ പറയുന്ന അർത്ഥം ആദ്യം താഴെ കാണിക്കാം. ജന്തുക്കളുടെ ആകൃതിയിൽ നടന്നു് രാക്ഷസന്മാർ ധർമ്മാചരണങ്ങൾക്കു് വിഘ്നങ്ങളുണ്ടാക്കിത്തീർക്കുന്നു. അത്തരത്തിലുള്ള രാക്ഷസന്മാരെയെല്ലാം കൊല്ലണമെന്നു് ഇന്ദ്രനോടു് പ്രാർത്ഥിക്കുകയാണു് ഈ മന്ത്രംകൊണ്ടു ചെയ്യുന്നതു്. ആ ജന്തുക്കൾ ഇവയാകുന്നു:— ഉലൂകം (ഊമൻ); ശുശുലൂകം (ചെറുപ്പുലി); ശ്വാവു് (നായ); കോകം (ചക്രവാകം); സുപർണ്ണം (പരുന്തു്); ഗൃധ്രം (കഴുകൻ) ഈ ആറു ജന്തുക്കളെയാണു് മേൽക്കാണിച്ച മന്ത്രത്തിൽ പറഞ്ഞിട്ടുള്ളതു്. ആ ആകൃതിയിൽ നടക്കുന്ന രാക്ഷസന്മാരെയാണു് കൊല്ലുവാൻ പ്രാർത്ഥിക്കുന്നതു്. ഇത്രമാത്രമെ സായണൻ അർത്ഥം പറഞ്ഞിട്ടുള്ളു.

യു. പി. യിൽ സഹരൻപൂർ എന്ന സ്ഥലത്തു താമസിക്കുന്ന സ്വാമി മഹേശ്വരാനന്ദജി എന്ന മഹാപണ്ഡിതനായ ഒരു സന്ന്യാസി നാലു വേദങ്ങളിലുമുള്ള പല മന്ത്രങ്ങൾക്കും ലളിതകോമളഗംഭീരമായ സംസ്കൃതഭാഷയിൽ വ്യാഖ്യാനമെഴുതിയിട്ടുണ്ടു്. ആ മഹാൻ ഈ മന്ത്രത്തിന്നു പറയുന്ന അർത്ഥത്തെ താഴെ ചേർക്കുന്നു:—

വേദങ്ങളിലെ യുദ്ധത്തെ സാമാന്യമായി നന്മതിന്മകളിലുള്ള പോരാട്ടമായി കരുതാം. ഈ മന്ത്രത്തിലുള്ള "രക്ഷസ്സ്" എന്നതിന്നു രാക്ഷസൻ എന്നല്ലാ അർത്ഥം കൊടുക്കേണ്ടതു്. "യസ്മാൽ രക്ഷിതവ്യം ഇതി രക്ഷഃ"—എന്ന വ്യുല്പത്തിയെ സ്വീകരിച്ചു് ഏതിൽനിന്നു നാം രക്ഷ നേടേണമോ അതു് രക്ഷസ്സ് എന്നർത്ഥമാക്കിയിട്ടു് മനോദോഷങ്ങളെ ഈ മന്ത്രത്തിലെ രക്ഷ ശബ്ദത്തിന്നു് അർത്ഥമാക്കണം. അങ്ങിനെ ആകുമ്പോൾ കാമം, ക്രോധം, ലോഭം, മോഹം, മദം, മാത്സര്യം—ഈ ആറു മനോദോഷങ്ങളെ നശിപ്പിക്കുവാൻ ഇന്ദ്രനോടു പ്രാർത്ഥിക്കുക എന്നതാണു് ഈ മന്ത്രത്തിൻെറ താല്പര്യം

അതെങ്ങിനെയെന്നു പറയാം. കൂമൻ വെളിച്ചത്തെ വെറുക്കുകയും ഇരുട്ടിനെ ഇഷ്ടപ്പെടുകയും ചെയ്യുന്ന ഒരു പക്ഷിയാണ്. അപ്പോൾ കൂമനെപ്പോലെയുള്ള മനസ്സ് എന്നു വച്ചാൽ അജ്ഞാനാന്ധകാരത്തിൽ ഉള്ള മനസ്സാകുന്നു. അജ്ഞാനമെന്നാൽ മോഹംതന്നെ. ദൃശ്യപ്രപഞ്ചത്തിന്നു് പ്രവൎത്തകമായി ഒരദൃശ്യശക്തിയില്ലെന്നു് വിശ്വസിച്ചു സ്വാൎത്ഥസിദ്ധികൾക്കുവേണ്ടി എന്തും ചെയ്യുവാൻ സന്നദ്ധതയുള്ള ഒരു മനസ്സിനെയാണ് അജ്ഞാനാന്ധകാരത്തിലുള്ള മനസ്സ് എന്നതുകൊണ്ടു് അൎത്ഥമാക്കേണ്ടതു്. ഈ മോഹാന്ധകാരത്തിൽനിന്നാണ് കാമക്രോധാധികൾ ഉണ്ടാകുന്നതും. മററു മൃഗങ്ങളെ അപേക്ഷിച്ചു് ചെറുപുലിക്കു് ക്രോധം വളരെ കൂടുമത്രെ. അതുകൊണ്ടു് ചെറുപുലിയെപ്പോലെയുള്ള മനസ്സെന്നാൽ ക്രോധപ്രധാനമായ മനസ്സാകുന്നു. ക്രോധാധിക്യം മനുഷ്യനെ ഏതു ക്രൂരകൃത്യങ്ങളിലേക്കും പ്രേരിപ്പിക്കും. അതിനാൽ ക്രോധമാകുന്ന ദുൎഗ്ഗുണത്തെ നശിപ്പിക്കുവാൻ ഈ മന്ത്രംകൊണ്ടു് പ്രാൎത്ഥിക്കുന്നു. ശ്വാവിന്റെ പ്രത്യേകത മത്സരമാകുന്നു. ഈ മന്ത്രത്തിൽ നായയോടു് സാദൃശ്യപ്പെടുത്തിയ മനസ്സ് മത്സരത്തിന്റെ ഇരിപ്പിടമായ ഒരു മനസ്സാകുന്നു. പരന്റെ ഉൽക്കൎഷത്തിൽ സഹിക്കവയ്യായ്ക എന്നുള്ളതാണ് മത്സരത്തിന്നുള്ള ഒരു ദോഷം. പരന്റെ ഉൽക്കൎഷത്തെ ഇല്ലാതാക്കുവാൻ വേണ്ടി പല അനാശാസ്യപ്രവൃത്തികളിലേക്കും ഈ മത്സരം മനുഷ്യരെ തിരിച്ചുവിടാം. അതുകൊണ്ടു് ചീത്തയായ മത്സരബുദ്ധിയേയും നശിപ്പിക്കേണമെന്നു ഈശ്വരനോടു പ്രാൎത്ഥിക്കുന്നു. ചക്രവാകദ്വന്ദ്വങ്ങൾക്കു് രാത്രി വിരഹമാണെന്നു സംസ്കൃതകവികൾ കവിസങ്കേതമായി വൎണ്ണിക്കാറുണ്ടു്. അതിനാൽ കാമമാകുന്ന ദോഷം ചക്രവാകപ്പക്ഷികൾക്കു ഉണ്ടെന്നുള്ള ധാരണയോടുകൂടിയാണു ചക്രവാകംപോലെയുള്ള മനസ്സെന്നു ഈ മന്ത്രത്തിൽ പറഞ്ഞതു്. കാമംമൂലം അല്ലെങ്കിൽ കാമിനിമൂലം ലോകത്തിൽ എന്താപത്താണു ഉണ്ടാകാൻ വയ്യാത്തതു്? കാമംമൂലം ഓരോരോ മഹാന്മാൎക്കു് സംഭവിച്ച അനിഷ്ടങ്ങളെ പുരാണാദികളിൽനിന്നും ലോകസംഭങ്ങളിൽനിന്നും ഉദാഹരിക്കാവുന്നതാണല്ലോ. അതുകൊണ്ടു് കാമത്തേയും ഇല്ലാതാക്കുവാൻ പ്രാൎത്ഥിക്കേണ്ടതുതന്നെ. ധൎമ്മത്തിന്നു വിരുദ്ധമായ കാമത്തെ മാത്രമേ ശാസ്ത്രങ്ങൾ നിഷേധിക്കുന്നുള്ളുവെന്നു പ്രത്യേകം ഓൎക്കണം. ഈ മന്ത്രത്തിൽ സുപൎണ്ണയാതും എന്നാണല്ലോ നിയോഗിച്ചിട്ടുള്ളതു്. സുവൎണ്ണശബ്ദത്തിന്നു് ശരിയാ

യ അർത്ഥം ഗരുഡൻ എന്നാകുന്നു. ഗരുഡന്നു് മദസ്വഭാവം ഒരു പ്രത്യേകതയാണു്. വിദ്യാ, ധനം, കുലം ഇത്യാദികളെ ഓർത്തു് താൻ മഹാ യോഗ്യനാണെന്നുള്ള മനോഭാവമാണു് മദം. ഈ മദം വേണ്ടതിലധികം ആയാൽ സകലത്തേയും നിസ്സാരമായി കാണുവാനും ഈശ്വരനെത്തന്നെ നിന്ദിക്കുവാനും തുടങ്ങും. അതുകൊണ്ടു് മദവും മനസ്സിന്റെ ഒരു ദുർഗ്ഗുണംതന്നെ. ആറാമതുള്ളതു് കഴുകനെപ്പോലെയുള്ള മനസ്സു് എന്നാകുന്നു. മാംസത്തിൽ ലോഭം കഴുകനേപ്പോലെ മറെറാരു ജന്തുക്കൾക്കും ഇല്ലത്രെ. അതുകൊണ്ടു് കഴുകനെപ്പോലെയുള്ള മനസ്സു് എന്നുവെച്ചാൽ ലോഭമുള്ള മനസ്സു് എന്നർത്ഥം. എത്ര കിട്ടിയാലും തൃപ്തിയില്ലായ്ക എന്നുള്ളതാണു് ലോഭം. ലോഭത്തിനെപ്പററി ഭാരതത്തിൽ ഇങ്ങിനെ പറയുന്നു:— "ലോഭസ്സ്വല്പോപിതൻ ഹന്തി ശ്വത്രോ രൂപമിവെപ്സിതം" ലോഭം സ്വല്പമാണെങ്കിലും അതു് പാണ്ടു് മനുഷ്യന്റെ സൌന്ദര്യത്തെയെന്നപോലെ സകല ഗുണത്തേയും നശിപ്പിക്കും. ലോഭാവിഷ്ടന്മാരായ മനുഷ്യർ സ്വല്പം വല്ല ലാഭത്തിന്നുവേണ്ടി ഏതു നീചകൃത്യങ്ങളേയും ചെയ്തുവെന്നുവരാം. യൌവനയുക്തന്മാരായ രാജാക്കന്മാർ വൃദ്ധന്മാരായ പിതാക്കന്മാരെ ലോഭംനിമിത്തം കാരാഗൃഹത്തിലിട്ടതായി ചരിത്രത്തിൽതന്നെ നമ്മൾ കാണുന്നു. അതുകൊണ്ടു ലോഭം എന്നുള്ളതു് മനോദോഷങ്ങളിൽ മുഖ്യമായ ഒന്നാകുന്നു. സ്വാമികളുടെ അഭിപ്രായപ്രകാരം ഈ മന്ത്രത്തിന്റെ മുഖ്യതാല്പര്യം കാമക്രോധലോഭമോഹമദമാത്സര്യങ്ങളാകുന്ന മനോദോഷങ്ങളെ നശിപ്പിക്കേണമെന്നുള്ള പ്രാർത്ഥനയാകുന്നു. മന്ത്രങ്ങളിൽ ഇങ്ങിനെ ചില ഗൂഢാർത്ഥങ്ങൾ കാണാമെന്നു കാണിക്കുവാനാണു് ഈ മന്ത്രത്തെ ഇവിടെ ഉദ്ധരിച്ചതു്.

———x——— ———

വിദ്യോതന്ദിപംക്തി

# സംഗീതരാമായണം

(തുടച്ച്)

## സീതാകല്യാണം

### സീൻ 6.

(രണ്ടു ഋഷികുമാരന്മാർ പുഷ്പം പറിച്ചുനില്ക്കുന്നു.)

ദമൻ:— ശമ! നീ കണ്ടോ, ആ രാജകുമാരന്മാരെ. ദശരഥമഹാരാജാവിന്റെ പുത്രന്മാരാണത്രെ. ആ ശ്യാമളനിറംപൂണ്ട കോമളകുമാരനു രാമൻ എന്നാണ് പേര്. പേര് എത്ര അന്വത്ഥമായിരിക്കുന്നു. സകലരേയും രമിപ്പിക്കുന്ന രമണീയവിഗ്രഹം. മറേറതു അനുജനാണ്. ലക്ഷ്മണൻ സകല പുരുഷലക്ഷണങ്ങളും തികഞ്ഞ ഒരു ഗംഭീര ഓമനബാലൻ.

കല്യാണിരാഗം—ആദിതാളം

പല്ലവി.

നിർമ്മലം നിരഞ്ജനം നിർഗ്ഗുണം നിർവ്വികാരം
സന്മയം ശാന്തം പരമാത്മാനം സദാനന്ദം

അനുപല്ലവി.

ജന്മനാശാദികളില്ലാതോരു വസ്തു പര-
ബ്രഹ്മമീ ശ്രീരാമനെന്നറിഞ്ഞുകൊണ്ടാലും നീ

ചരണം

സർവ്വകാരണം സർവ്വവ്യാപിനം സർവ്വാത്മാനം
സർവ്വജ്ഞം സർവ്വേശ്വരം സർവ്വസാക്ഷിണംനിത്യം
സർവ്വദാ സർവ്വാധാരം സർവ്വദേവതാമയം
നിർവ്വികാരാത്മാ രാമദേവനെന്നറിഞ്ഞാലും

ശമൻ.—രാമൻ വരുന്നവഴിക്കു പതിനായിരം ആനയുടെ ശക്തിയുള്ള താടക എന്ന ആ ദുഷ്ടരാക്ഷസിയെ ഒരൊററ അമ്പിനാൽ കൊന്നുവീഴ്ത്തി എന്നല്ലെ ഗുരുനാഥരുളിചെയ്തതു്.

സിന്ധുഭൈരവി— ഥ മാണ്ട്—രാഗം—ആദിതാളം

(വൈഷ്ണവ ജനംതാ—എന്ന മട്ട്)

പല്ലവി

രാമനാം ജഗൽഗ്ഗുരു നിർഗ്ഗുണൻ ജഗദഭി-
രാമനവ്യയനേകനാനന്ദാത്മകനാത്മാ

അനുപല്ലവി

രാമനഭയൻപരൻ നിഷ്കളൻ വിദ്വൽഭൃംഗ–
രാമനച്യുതൻ വിഷ്ണുഭഗവാൻ നാരായണൻ

ചരണം

ഗമിക്കുന്നതും പുനരിരിക്കുന്നതും കിഞ്ചിൽ
ഭ്രമിക്കുന്നതും തഥാ ദുഃഖിക്കുന്നതുമില്ല
നിർവ്വികാരാത്മാതേജോ മയനായ് നിറഞ്ഞോരു
നിർവ്വൃതനൊരുവസ്തു ചെയ്കയില്ലൊരുനാളും

൧മൻ:— അത്ഭുതം! അത്ഭുതം! ഇനി രാക്ഷസന്മാരിൽനിന്നു നമുക്കു ഒട്ടും ഭയം വേണ്ട

൨മൻ: – നമ്മുടെ യാഗത്തെ മുടക്കുന്ന രാക്ഷസന്മാരെ നിഗ്രഹിക്കാൻവേണ്ടി തന്നെയാണു് ഗുരുനാഥൻ ഈ ദിവ്യബാലകന്മാരെ ഇങ്ങോട്ടു കൊണ്ടുവന്നിട്ടുള്ളതു്.

൧മൻ:—നാം ഇങ്ങനെ ഓരോന്നു പറഞ്ഞു ഇവിടെ നിന്നാൽ പററില്ല. പക്ഷെ വല്ല രാക്ഷസന്മാരും ഒളിഞ്ഞുവന്നു ഉപദ്രവിച്ചേക്കാം.

൨മൻ:—നമുക്കു യാഗശാലക്കു പോകാം. രാക്ഷസന്മാരവിടെ വന്നാൽ രാമലക്ഷ്മണന്മാരുണ്ടല്ലൊ. (രണ്ടുപേരും പോകുന്നു)

## സീൻ 7.

### യാഗശാല

(വിശ്വാമിത്രനും മൂന്നാലു് ഋഷിമാരും ഇരുന്നു യാഗം ചെയ്യുന്നു. ചാപബാണപാണികളായ് രാമലക്ഷ്മണന്മാർ ഇരുഭാഗങ്ങളിലും ആകാശത്തെ ലക്ഷ്യമാക്കി ജാഗ്രതയായി നില്ക്കുന്നു.)

(അണിയറയിൽ)—"അതാ, അതാ, മേൽഭാഗത്തു്! മാരീചസുബാഹുക്കൾ—രാമ! രാമാ!!) (തൽക്ഷണം ആകാശത്തെ ലക്ഷ്യമാക്കി രാമൻ രണ്ടു ബാണവും അയക്കുന്നു. രാമൻ ലക്ഷ്മണനെ നോക്കി മന്ദഹാസം പൊഴിക്കുന്നു)

(അണിയറയിൽ)—കോലാഹലം—ഉറക്കെ—സുബാഹു മരിച്ചു വീണു. മാരീചൻ ഭയപ്പെട്ടോടി. പിന്നാലെ രാമബാണവും—ഋഷികൾ ജയ! ജയ! ശബ്ദം മുഴക്കുന്നു, ഓരോരുത്തരും രാമകുമാരനെ പുഷ്പവൃഷ്ടി ചെയ്യുന്നു. അശ്രുപൂർണ്ണാർദ്രകലനേത്ര പത്മങ്ങളോടുകൂടി വിശ്വാമിത്രൻ രാമനെ ഉത്സംഗേ ചേർത്താശ്ലേഷിക്കുന്നു.

(അണിയറയിൽ)—രക്ഷ രക്ഷ! രാമചന്ദ്രപ്രഭോ!! രാമചന്ദ്രപ്രഭോ! രക്ഷ രക്ഷ!)

രാമൻ—എന്നെ വിളിച്ച് ആരാണ് അഭയം യാചിക്കുന്നത്? അഭയാർത്ഥികളെ ഒരു കാലത്തും ഉപേക്ഷിക്കുന്നവനല്ല ഇക്ഷ്വാകുവംശജനായ ഈ രാമൻ.

(ഭയവിഹ്വലനായി മാരീചൻ പ്രവേശിക്കുന്നു. രാമനെ സാഷ്ടാംഗം നമസ്കരിക്കുന്നു.) രക്ഷ രക്ഷ! രാമചന്ദ്രപ്രഭോ രക്ഷ രക്ഷ!

(മാരീചനെ കണ്ട് ഉണ്ണികൾ ഭയപ്പെടുന്നു.)

രാമൻ—ഹേ! നക്തഞ്ചരാ! ഭവാനാരാണ്! എഴുന്നീല്ക്കുക. വിവരം പറഞ്ഞാലും.

മാരീ—സ്വാമി; ഞാൻ മാരീചനാണ്. രാക്ഷസബുദ്ധിയാൽ ഇതുകാലവും മഹർഷിമാരേയും സജ്ജനങ്ങളേയും ദ്രോഹിച്ചു. സ്വാമിയുടെ മാഹാത്മ്യമോർക്കാതെ ഈ യാഗം മുടക്കുവാൻ സുബാഹുസമേതനായ് ഞാൻ ആകാശമാർഗ്ഗത്തിൽ വന്നു. തിന്തിരുവടിയുടെ ശരാസ്ത്രം സുബാഹുവിനേയും മററു രാക്ഷസന്മാരേയും ദഹിപ്പിച്ചു. ശരാസ്ത്രം അടിയൻെറ പിന്നാലെ വന്നു. അടിയൻ പല ദിക്കിലും ഓടി. എവിടേയും രക്ഷയില്ല. സമുദ്രത്തിൽ ചാടി മുങ്ങി കിടന്നു. സമുദ്രത്തെ വററിച്ച് അസ്ത്രം അടിയനെ തേടിപ്പിടിച്ചു. എവിടേയും ഒരു ഗതിയുമില്ലാതെ ഇതാ അടിയൻ അവിടുത്തെ ചെന്താരടികളെ ശരണം പ്രാപിക്കുന്നു. അസ്ത്രത്തെ പിൻവലിച്ച് പ്രാണരക്ഷചെയ്യണേ. ഭഗവാനെ! തിന്തിരുവടിയുടെ ചരണകമലങ്ങളല്ലാതെ അടിയനു മറെറാരാശ്രയവുമില്ലേ. രക്ഷ രക്ഷ! രാമചന്ദ്രപ്രഭോ! രക്ഷ! രക്ഷ!!.

രാമൻ—ഭയപ്പെടേണ്ട. ഞാൻ അസ്ത്രം പിൻവലിച്ചിരിക്കുന്നു. മാരീചാ ഭയപ്പെടേണ്ട

മാരീ:—സ്വാമിൻ! ഭവൽസമ്പർക്കത്താൽ അടിയൻെറ ബുദ്ധി തെളിഞ്ഞു. ഇനി ഒരു കാലത്തും അടിയൻ യാതൊരു ദുഷ്കർമ്മങ്ങളും ചെയ്കയില്ല. ഇനിയുള്ള കാലം പവിത്രരാമനാമവും ജപിച്ച് വിജനത്തിലിരുന്ന് തപസ്സുചെയ്യാനാഗ്രഹിക്കുന്നു. അനുഗ്രഹിക്കണേ.

രാമൻ—അങ്ങനെതന്നെ. ഭഗവൽ ഭജനംകൊണ്ടു നീ പരിപൂതനായ് തീരുക.

(മാരീചൻ എല്ലാവരേയും വന്ദിച്ചു പോകുന്നു)

വിശ്വാ—യാഗരക്ഷാർത്ഥം പരിശ്രമിച്ചതിൽ ഉണ്ണികൾ വളരെ

ക്ഷീണിച്ചിരിക്കുന്നു. നമുക്കു അന്തഃപുരത്തിലേക്കു പോവുക. ഉണ്ണികഠം വിശ്രമിക്കട്ടെ.

(എല്ലാവരും പോകുന്നു)

## സീൻ 8.

(ഒരു താപസസ്ത്രീ പ്രവേശിക്കുന്നു.)

താപസി:— (ആശ്ചൎയ്യത്തോടുകൂടി) എത്രായിരം രാക്ഷസന്മാരെയാണു് രഘുവീരൻ ഒരസ്ത്രംകൊണ്ടു സംഹരിച്ചതു്! ഇനി ആൎക്കും ഒരു ഭയവും വേണ്ട. നിൎഭയമായി എവിടെ വേണമെങ്കിലും ഏതു സമയത്തും സഞ്ചരിക്കാം. രാക്ഷസന്മാർ ഒരാളും ഒരു കാലത്തും ഇനി ഈ പ്രദേശം സ്മരിക്കുകയില്ല.

(വേറെ ഒരു താപസി പ്രവേശിക്കുന്നു.)

രണ്ടാമത്തവഠം:— ആരാണിതു്? മാതംഗിയോ?

മാതംഗി:—ശാന്തേ! നീ ഇപ്പോഠം എവിടെനിന്നുവരുന്നു

ശാന്ത:—നാളെ പ്രഭാതത്തിൽ രാമലക്ഷ്മണന്മാരോടുകൂടി ഗുരുനാഥൻ മിഥിലയ്ക്കു പുറപ്പെടുകയാണു്. ആ വിവരം പൎണ്ണശാലകളിൽചെന്നു എല്ലാവരേയും അറിയിക്കുവാൻ ഗുരുനാഥൻ കല്പിച്ചു. അതിനു പോകയാണു്.

മാതംഗി (ഇച്ഛാഭംഗത്തോടുകൂടി) ആ ഓമനകഠം നാളെ പോകുന്നുവോ നമ്മുടെ നിൎഭാഗ്യം.

ശാന്ത: —എന്തു ചെയ്യാം. ഇന്നലെ രാത്രി ത്ര്യംബകത്തെക്കുറിച്ചു ഗുരുനാഥൻ ഉണ്ണികളോടു വിവരിച്ചുപറഞ്ഞു. അതു കേട്ടപ്പോഠം രാമകുമാരനു് ആ വില്ലു് ഒന്നു കണ്ടാൽ കൊള്ളാമെന്നു ആഗ്രഹം തോന്നി ഗുരുനാഥനോടു പറഞ്ഞു അതു കാണിച്ചുകൊടുക്കാനാണു് നാളെ കാലത്തു മിഥിലക്കു പോകുന്നതു്.

മാതംഗി:— എന്തൊരു സുകുമാരകളേബരന്മാർ! എത്ര നല്ല ശീലം! എന്തൊരു വിനയം! അംബോ! രാമന്റെ ആ ഒരു ഭുജബലപരാക്രമം! അത്യത്ഭുതം! സാക്ഷാൽ കൈലാസപതികൂടി തോററു പോകും.

ശാന്ത:—ആ താടകയെ കൊന്നതോ?

മാതംഗി:— മോഹനം രാഗം—ആദിതാളം

പല്ലവി.

ശ്രീരാമൻ പരമാത്മാ പരമാനന്ദമൂൎത്തി

പുരുഷൻ പ്രകൃതിതൻ കാരണനേകൻപരൻ

അനുപല്ലവി

പുരുഷോത്തമൻ ദേവൻ അനന്തൻ ആദിനാഥൻ
ഗുരുകാരുണ്യമൂർത്തി പരമൻ പരബ്രഹ്മം

ചരണം

ജഗദുത്ഭവസ്ഥിതിപ്രളയാ കർത്താവായ
ഭഗവാൻ വിരിഞ്ചനാരായണൻ ശിവാത്മകൻ
(ശ്രീരാമൻ)

മഹാവിഷ്ണു ഭൂഭാരം തീർപ്പാൻ ഭൂമിയിൽ മനുഷ്യനായ് അവതാരംചെയ്തതാണ് രാമകുമാരൻ എന്നു ഗുരുനാഥൻ മററുള്ളവരോടു പറയുന്നതുകേട്ടു. ലക്ഷ്മണൻ ആദിശേഷനാണത്രെ.

ശാന്ത:—എന്തു പറഞ്ഞാലും കാര്യമില്ലല്ലൊ. (വ്യസനത്തോടെ) നാളെ ഉണ്ണികൾ പോകയാണല്ലൊ. ഇനി അവരെ എന്നു കാണാൻ സാധിക്കും!

മാതംഗി:—നമുക്കു എന്നാൽ ഒരു കാര്യം ചെയ്യാം. നീ വേഗം ചെന്നു ഗുരുവിൻെറ കല്പനയെ എല്ലാവരേയും അറിയിച്ച് വാ ഞാൻ ആശ്രമത്തിലുണ്ടാകും. എന്നിട്ട് നമുക്കു കുമാരന്മാരുടെ ഇരുപാർശ്വങ്ങളിലുമിരുന്ന് പുലരുന്നതുവരെ നോക്കി നോക്കി കണ്ണിനു പുണ്യം നേടാം.

ശാന്ത:—(ചിരിച്ച്) കുമാരന്മാരും ഗുരുനാഥനും നമ്മെ പരിഹസിക്കും. ഞാൻ വരുന്നവഴിക്കു കുമാരന്മാരെ കണ്ടു. മിഥിലക്കു പോയാലും ഇടക്കിടെ ഇവിടെ ആശ്രമത്തിൽ വരാമെന്നു പറഞ്ഞു.

മാതംഗി:— അതൊരാശ്വാസംതന്നെ. എന്നാൽ നീ ചെന്നു ഗുരുവിൻെറ ആജ്ഞ നടത്തു. ഞാൻ ആശ്രമത്തിലേക്കു പോകട്ടെ.

(രണ്ടുപേരും പോകുന്നു)

## സീൻ 9.

ഗൌതമാശ്രമപ്രദേശം.

രാമൻ:—(ആഹ്ലാദത്തോടെ) ഗുരോ! ഇതേവരെ നാം കണ്ട വനപ്രദേശം പോലല്ലല്ലോ ഈ പ്രദേശം. ഇവിടം അത്യന്തം രമണീയമായിരിക്കുന്നു.

അഠാന - ആദി.

(നീ ഇരങ്കാ എനിൽ പുകലെതു—എന്ന മട്ട്)

പല്ലവി

ശോഭപൂണ്ടോരു പുണ്യദേശമാനന്ദപ്രദം

അനുപല്ലവി

ദിവ്യപാദപാ ലതാ കുസുമഫലങ്ങളാൽ
സൎവ്വമോഹനകരം ജന്തു സഞ്ചയ ഹീനം

ചരണം

ആശ്രമപദമിദമാകുള്ള മനോഹര-
മാശ്രയയോഗ്യം നാനാജന്തു സംവീതം താനും
എത്രയുമാഹ്ലാദ മുണ്ടായിതു മനസിമേ
തത്വമെന്തെന്നതരുൾ ചെയ്യേണം തപോനിധേ.

വിശ്വാ:—ദിവ്യനായ ഗൌതമമഹൎഷിയുടെ ആശ്രമമാണ് ഇതാ കാണുന്നത്. അദ്ദേഹത്തിൻെറ പ്രാഭവത്താലാണ് ഈ പ്രദേശം ഇത്രയും രമണീയമായിരിക്കുന്നതു്. ഇപ്പോൾ അദ്ദേഹം ഇവിടെ ഇല്ല. ഹിമാലയത്തിലാണ് വസിക്കുന്നതു്.

രാമ:—ഗുരോ! ഗൌതമമഹൎഷി ഈ പുണ്യപ്രദേശമുപേക്ഷിച്ച് ഹിമവൽ പാൎശ്വത്തിലേക്കു പോയതു എന്തുകൊണ്ടാണ്.

വിശ്വാ:—പറയാം. കേൾക്കു. ഗൌതമൻെറ പത്നി അഹല്യാദേവിയിൽ ദേവേന്ദ്രൻ അനുരക്തനായി.

രാമൻ:—ശാന്തം—പാപം (കോപത്തോടുകൂടി) ദേവേന്ദ്രനായാലും ഈ അനീതി ഒരിക്കലും ക്ഷമിക്കത്തക്കതല്ല.

വിശ്വാമി:—ഉണ്ണീ! ക്ഷമിക്കു. ദേവേന്ദ്രൻെറ കൎമ്മദോഷം അല്ലാതെ എന്തു പറയട്ടെ. തീയ്യിനെ തൊട്ടു കളിപ്പാൻ ആഗ്രഹിക്കുമോ. ദേവേന്ദ്രൻ ഗൌതമൻെറ വേഷമെടുത്തു അൎദ്ധരാത്രി സമയത്തു കളവായി കോഴികൂകി. അതുകേട്ടു ഗൌതമൻ സ്നാനത്തിനു സമയമായി എന്നു വിചാരിച്ച് ഗംഗാതടത്തിലേക്കു പ്രവേശിച്ചു. ആ തരത്തിൽ ഇന്ദ്രൻ അകത്തു കടന്നു അഹല്യക്കു തെററിദ്ധരിക്കാൻ വഴിയില്ലല്ലൊ.

(രാമനും ലക്ഷ്മണനും കോപാകുലരായ് വില്ലിനെ നോക്കുന്നു)

വിശ്വാമി:—ഉണ്ണികളെ ശേഷവും കേൾക്കുവിൻ. ഗൌതമൻതന്നെ അവർ രണ്ടുപേൎക്കും വേണ്ട ശിക്ഷകൊടുത്തു.

രാമൻ:—അതെങ്ങനെ.

വിശ്വാ:—ഗൌതമൻ ഗംഗയിൽ ചെന്നപ്പോൾ ഗംഗാദേവി ഉ

ണന്നിട്ടുണ്ടായിരുന്നില്ല. നക്ഷത്രം നോക്കിയപ്പോൾ സമയം പാതിരയായിട്ടേ ഉള്ളൂ. അദ്ദേഹം വീണ്ടും ആശ്രമത്തിലേക്കു മടങ്ങി. അദ്ദേഹത്തെ കണ്ടു ഇന്ദ്രൻ ഭയപ്പെട്ട് ഒരു പൂച്ചയുടെ രൂപമെടുത്തു പുറത്തു ചാടാൻ ഭാവിച്ചു. ഗൌതമൻ തടുത്തു. ഗത്യന്തരമില്ലാതെ ദേവേന്ദ്രൻ സ്വന്തം രൂപമെടുത്തു ഗൌതമന്റെ കാല്ക്കൽ വീണു മാപ്പപേക്ഷിച്ചു.

രാമ:—ആ വിശ്വാസവഞ്ചനക്കു ഈ അസ്ത്രംകൊണ്ടാണ് അഭയം കൊടുക്കേണ്ടിയിരുന്നത്.

വിശ്വാ:—ഗൌതമൻ ഇന്ദ്രനെ "സഹസ്രഭഗ"നായി പോക എന്നു ശപിച്ചു. അഹല്യയേയും അദ്ദേഹം ശപിച്ചു.

രാമ:—അതെന്തിന്? ദേവി ഒരപരാധവും ചെയ്തില്ലല്ലോ. ദേവേന്ദ്രന്റെ ചതിയിൽ അറിയാതെ അകപ്പെടുകയല്ലെ ഉണ്ടായതു്.

വിശ്വാ:—ശരിതന്നെ. എന്നാൽ യഥാൎത്ഥപതിവ്രതമാരെ യാതൊരാൾക്കും യാതൊരു പ്രകാരത്തിലും തീണ്ടാൻ സാധിക്കില്ല. നളന്റെ രൂപമെടുത്തു കലി ദമയന്തിയുടെ സമീപത്തു പോയില്ലേ. ദമയന്തിയുടെ മനസ്സ് ആ നളരൂപത്തിൽ പതിഞ്ഞില്ലല്ലൊ. "നീ കല്ലായ് പോക" എന്നാണ് ഗൌതമൻ അഹല്യയെ ശപിച്ചതു്.

രാമൻ:—ഹാ! കഷ്ടം!

വിശ്വാമി:—അദ്ദേഹം അഹല്യക്കു ശാപമോക്ഷവും കൊടുത്തു. "നീ ഹാരാതപവായുവൎഷാദികളും സഹിച്ച് ആഹാരാദികളേതുംകൂടാതെ രാമപാദാബ്ജം ധ്യാനിച്ച് ഇവിടെ വസിക്കുക. യാതൊരസഹ്യവും ഇവിടെ ഉണ്ടാകയില്ല. കുറെയേറെ കാലം കഴിയുമ്പോൾ രാമലക്ഷ്മണന്മാർ ഈ വഴിക്കുവരും. രാമന്റെ പാദധൂളി ഏല്ക്കുമ്പോൾ നിന്റെ സൎവ്വ പാപങ്ങളും നശിച്ച് നീ പരിശുദ്ധയായ് ഭവിക്കും. പിന്നെ നീ വന്നു എന്നെ ശുശ്രൂഷിക്കാം" ഇങ്ങനെ ശാപമോക്ഷവും കൊടുത്താണ് ഗൌതമൻ ഹിമവൽപാൎശ്വത്തിലേക്കു പോയതു്. ഈ കാണുന്ന കല്ലാണ് അഹല്യാ. (കല്ലിനെ ചൂണ്ടിക്കാണിക്കുന്നു) രാമാ! അഹല്യാദേവിക്കു ശാപമോചനം നല്കിയാലും!

(രാമൻ പാദുകക്കെ കല്ലിൽ കാലെടുത്തുവെക്കുന്നു. കല്ലിൽനിന്നു അഹല്യാ സ്വന്തം രൂപത്തിൽ പുറത്തേക്കുവരുന്നു.)

അഹല്യാ: രാമദേവാ! ഭഗവാനെ.

കുറഞ്ഞിരാഗം—ആദിതാളം.

(ശ്രീ വേണുഗോപാലം —എന്ന മട്ട്)

പല്ലവി

ഞാനഹോ കൃതാൎത്ഥയായെൻ ജഗന്നാഥാനിന്നെ
കാണായ്വന്നതുമൂലമത്രയുമല്ല ചൊല്ലാം.

അനുപല്ലവി

പത്മജരുദ്രാദികളാലപേക്ഷിതംപാദ
പത്മസംലഗ്നപാംസുലേശമിന്നെനിക്കെല്ലാം.

ചരണം

സിദ്ധിച്ചു ഭവൽ പ്രസാദാദിരേകത്താലതി
ന്നെത്തുമോ ബഹുകല്പകാലമാരാധിച്ചാലും

*           *           *           *           *

*           *           *           *           *

കമലദലലോല വിമല വിലോചനം
കമലോത്ഭവനതം മനസാ രാമ മീഡെ. (ഞാനഹോ)

രാമൻ —അമ്മേ! ദേവീ! പതിയായ ഗൌതമമഹൎഷിയെ പ്രാപിച്ചു മുന്നെപോലെ ശുശ്രൂഷിച്ചു വസിച്ചാലും.

അഹല്യാ:—(വിശ്വാമിത്രനോട്) മഹൎഷെ! ഉണ്ണികളോടുകൂടി ആശ്രമത്തിൽ ചെന്നു് അല്പം വിശ്രമിച്ചാലും.

വിശ്വാമി:—അങ്ങനെതന്നെ. (എല്ലാവരും പോയി)

(തുടരും)

———x———

# തിരു-കൊച്ചി ബുക്ക് സിലക്ഷൻ കമ്മിററിയുടെ ഒരു വികൃതി.

തിരു-കൊച്ചി ബുക്ക് സിലക്ഷൻ കമ്മിററി മെമ്പർമാർ—ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള. റവ. ഫാ. സി. കെ. മററം. പ്രൊ. മുണ്ടശ്ശേരി, ശ്രീ. കെ. ദാമോദരൻ, ശ്രീ. പി. എൻ. പണിക്കർ (ജന. സിക്ര.) - 1953 ജൂൺ 26-ാംനു- 5—30-നു സംഘം ആപ്പീസ്സിൽ കൂടിയ യോഗത്തിൽ

"തുഞ്ചത്തെഴുത്തച്ഛൻ തുടൎച്ചയായി പ്രസിദ്ധപ്പെടുത്താത്തതിനാൽ ലൈബ്രറികൾക്കുവേണ്ടി അതു അംഗീകരിക്കേണ്ടതില്ലെന്നു

തീരുമാനിച്ചു" എന്നൊരു റസലൂഷൻ അവരുടെ സ്വന്തം വക ഗ്രന്ഥാലോകം എന്ന മാസിക ജൂൺ ലക്കത്തിൽ പ്രസിദ്ധപ്പെടുത്തിയതുകണ്ടു് ഞങ്ങൾ അത്ഭുതപ്പെടുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മാസികം തുടങ്ങീട്ടു് മൂന്നു വർഷവും മൂന്നു മാസവും കഴിഞ്ഞു. ഇതിലിടക്കു്, മുൻകൂട്ടിത്തന്നെ അറിവുകൊടുത്തപ്രകാരം ഒന്നോ രണ്ടോ ലക്കം ഇരട്ടയായി പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്. ഗവമ്മെണ്ടു സ്ഥാപനങ്ങളിൽനിന്നു പിരിയേണ്ട വരിസംഖ്യ റദ്ദായിപോകാതിരിക്കാനും, വിദ്യാഭ്യാസാധികൃതന്മാരിൽനിന്നും ലഭിച്ച ചില ഉപദേശങ്ങളനുസരിച്ചും, എപ്പോഴും ഏപ്രിൽ ലക്കം മാർച്ചുമാസത്തോടും മേയ് ലക്കം ജൂൺമാസത്തോടും ചേർത്തായിരിക്കും പ്രസിദ്ധപ്പെടുത്തുക എന്ന വിവരം എല്ലാവരേയും മുൻകൂട്ടി അച്ചടിച്ചു പ്രസിദ്ധപ്പെടുത്തി അറിയിച്ച ശേഷമാണ അപ്രകാരം ചെയ്തുവരുന്നതു്. അതിനാൽ ഈ സംഗതികൾ ആക്ഷേപാർഹമാകാൻ തരമില്ല. ഇതല്ലാതെ ഒരൊററ ലക്കംപോലും യാതൊരു മാസത്തിലും ഒരൊററ ദിവസംപോലും തെററാതെ ശരിക്കു പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നുള്ള വാസ്തവം മാസികം വായിച്ചാസ്വദിക്കുന്ന അനേകശതം മാന്യ സുഹൃത്തുക്കൾക്കറിയാം. ഈ സംഗതി യോഗ്യന്മാരായ കമ്മിററി മെമ്പർമാക്കുമാത്രം അറിവില്ലാതായിപ്പോകാനും, ഇത്തരത്തിൽ ഒരു പ്രമേയം പാസ്സാക്കുവാനും ഉള്ള കാരണം ഞങ്ങൾക്കു അജ്ഞാതമാകുന്നു.

ഞങ്ങൾ 2 -4 50-ൽ 186-ാംനമ്പ്രായി തിരു-കൊച്ചി ഗവമ്മേണ്ടിനോടു ലൈബ്രറികൾക്കും മററും മാസികം ഏതാനും കോപ്പി എടുത്താൽ കൊള്ളാമെന്നപേക്ഷിച്ചു അതിനു 16-6-50-ൽ L Dis 4264/50/EHL ആയി ഞങ്ങളുടെ അപേക്ഷ ഐക്യനാംസ്ഥാന ഗ്രന്ഥശാലാസംഘം ബുക്കു സിലക്ഷൻ കമ്മററിക്കയക്കേണ്ടതു് എന്നു ലഭിച്ച ഉപദേശമനുസരിച്ചു് 18-6-50-ൽ 381 ാംനമ്പ്രായി മാതൃകാകോപ്പി സഹിതം ടി കമ്മററിക്കു് ഒരപേക്ഷ അയച്ചു. അതിനു 25-6-50-ൽ 3485-ാംനമ്പ്രായി കമ്മററിയിൽനിന്നും "അടുത്തുകൂടുന്ന മീററിങ്ങിൽവെച്ചു വിവരമറിയിക്കാ"മെന്നൊരു കുറിപ്പും കിട്ടി. ഇതിന്നു ശേഷം പല എഴുത്തുകൾ അയച്ചു് ഓമ്മപ്പെടുത്തീട്ടും കമ്മിററിയിൽനിന്നും യാതൊരു മറുപടിയുമുണ്ടായിട്ടില്ല.

അധികം താമസിയാതെ, "തുഞ്ചത്തെഴുത്തച്ഛൻ പഴഞ്ചനായ ഒരു മലബാർകാരൻെറ സ്മാരകാത്ഥം കൊച്ചി രാജ്യത്തുനിന്നു പ്ര

സിദ്ധപ്പെടുത്തുന്നതാകകൊണ്ടു് അതു നമുക്കു സ്വീകരിപ്പാൻ പാടു ള്ളതല്ല; അതുകൊണ്ടു വല്ല ഞൊണ്ടിന്യായവും പറഞ്ഞു് അവരതു തള്ളി എന്നു വരാം" എന്നൊരു സൂചന തിരുവിതാംകൂറിലുള്ള ഞ ങ്ങളുടെ ഒന്നുരണ്ടു മാന്യസുഹൃത്തുക്കൾ ഞങ്ങൾക്കു സ്വകാര്യമായി അറിവുതന്നു. ഞങ്ങളതു വിശ്വസിച്ചില്ല; എന്നാലും, ആ വിവരം ഗവൎമ്മേണ്ടിനെ അറിയിക്കേണ്ടതാണെന്നു കരുതി 26 10-50-ൽ 774-ാംനമ്പ്രായി ഈ സംഗതിയെ വിശദമായികാണിച്ചു് ഒരു എ ഴുത്തു ഗവൎമ്മേണ്ടിൽ സമൎപ്പിക്കുകയും ചെയ്തിട്ടുണ്ടു്. അതിന്നു ഗവ ൎമ്മേണ്ടിൽനിന്നു് ഇതേവരെ യാതൊരു മറുപടിയുമില്ല. മേല്പറഞ്ഞ സംഗതികളെല്ലാം പിന്നീടു ഞങ്ങളുടെ സ്മൃതിപഥത്തിൽനിന്നു തീ രെ മാഞ്ഞുപോകയും ചെയ്തു

ഇതാ ഇപ്പോൾ—ഞങ്ങളുടെ മാന്യ സുഹൃത്തുക്കൾതന്ന സൂ ചനയനുസരിച്ചു്—ഞങ്ങളുടെ അപേക്ഷ മൂന്നു വൎഷവും മൂന്നു മാ സവും കഴിഞ്ഞു (കാലാഹരണപ്പെട്ടശേഷം) ഞങ്ങളെ യാതൊന്നു മറിയിക്കാതെ അവരുടെ മാസികത്തിൻെറ ഒരു മുക്കിൽ മേൽപ്ര കാരം എഴുതിയിരിക്കുന്നു !

തിരു-കൊച്ചി ഗവൎമ്മേണ്ടും, വിദ്യാഭ്യാസമേലദ്ധ്യക്ഷനും, മദ്രാസ്സ് ഗവൎമ്മേണ്ടും, മലബാർ ഡിസ്ത്രിക്ട്ബോർഡും സഹർഷം സ്വാഗതംചെയ്തു് അംഗീകരിച്ചിട്ടുള്ള ഈ മാസികം നിൎമ്മത്സരബു ദ്ധിയോടുകൂടിയ കേരളീയർ ഉള്ളകാലം മുഴുവനും ഭംഗിയായിത്ത ന്നെ നടക്കും എന്ന ശുഭപ്രതീക്ഷ ഞങ്ങൾക്കുണ്ടു്.

ഗ്രന്ഥാലോകത്തിലെ പ്രസ്തുതപ്രസ്താവന സംഗതിവശാൽ കാ ണാനിടയായ ഞങ്ങളുടെ പത്രാധിപർ ശ്രീ. പുത്തേഴത്തു രാമമേ നോൻ അതിനെ ആക്ഷേപിച്ചും അതിലെ അസത്യത്തെ വിവരി ച്ചും, തുഞ്ചൻെറ കാലം കഴിഞ്ഞു, ഇപ്പോൾ പണിക്കരുടെ കാല മായതുകൊണ്ടായിരിക്കുമോ മാസികം ഉപേക്ഷിച്ചതു എന്നും മററും ചോദിച്ചുകൊണ്ടും അതിൻെറ ജനറൽ സിക്രട്ടരി ശ്രീ. പണിക്കൎക്കു ഒരു ചൂട്ട കത്തയച്ചു എന്ന സംഗതിയുംകൂടി പ്രസ്താവ്യമാകുന്നു.

പി. ആർ. മേനോൻ,
സിക്രട്ടരി.

# പുസ്തകാഭിപ്രായം

## ഗുരുവായൂർ ദേവസ്വം വക പ്രസിദ്ധീകരണം

### ഹൈന്ദവസംസ്കാരം

### നമ്പ്ര് 4 Renaissance of culture.

നാലാമത്തെ അഖിലകേരള ഹിന്ദുസംസ്കാരസമ്മേളനത്തിൽ ദേവസ്വം മാനേജർ ചെയ്ത സ്വാഗതപ്രസംഗവും, മൈസൂർ മഹാരാജാവു തിരുമനസ്സുകൊണ്ടു എഴുതി അയച്ച അദ്ധ്യക്ഷപ്രസംഗവുമാണ് പ്രധാനമായ ഉള്ളടക്കം. അദ്ധ്യക്ഷപ്രസംഗം അനേകം തത്വങ്ങളുൾക്കൊള്ളിച്ച സാരവത്തായ ഒന്നാണ്. രണ്ടും ഇംഗ്ലീഷിലാണ്.

ഗുരുവായൂർ മഹാക്ഷേത്രത്തിന്റെ പ്രാധാന്യത്തിൽ തൊട്ടുകൊണ്ടു ഇതുവരെ നടന്നിട്ടുള്ള ഹൈന്ദവസമ്മേളനങ്ങളുടെ സംക്ഷിപ്തമായ ഒരു വിവരണമാണ് മാനേജരുടെ സ്വാഗതപ്രസംഗം. അതു സരസവും സാരഗർഭവുമായിട്ടുള്ളതുതന്നെ. എന്നാൽ ഒരു തനി മലയാളി ഒരു മഹാക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന ഒരു കേരളമഹാസമ്മേളനത്തിൽ ഇംഗ്ലീഷറിവില്ലാത്ത ഭൂരിപക്ഷം സദസ്യരുടെ നടുവിൽനിന്നു ഇംഗ്ലീഷിൽ പ്രസംഗിച്ചതു ഏററവും നിർഭാഗ്യവും അപലപിക്കത്തക്കതുമാണെന്നു പറയേണ്ടി വന്നതിൽ ഞങ്ങൾ അത്യധികം വ്യസനിക്കുന്നു.

നമ്പ്ര് 5. ആദ്ധ്യാത്മികജീവിതം.
6. ധർമ്മോദ്ധാരകന്മാർ.
7. സംസ്കാരദർപ്പണം.
8. ബലവും ധർമ്മവും (ചർച്ചാവിഷയം)

ശ്രീനിശ്ശ്രേയസാനന്ദസ്വാമികൾ, ശേഷാദ്രി, ആറാർ, വി. കെ. നാരായണഭട്ടതിരി വടക്കുംകൂറ്, അച്യുതപ്പൊതുവാൾ, ആനന്ദമൂർത്തി, പുത്തേഴം മുതലായ പണ്ഡിതവൃദ്ധന്മാരുടെയും, പഠിച്ച സാഹിത്യകാരന്മാരും സുപ്രസിദ്ധരുമായ ശ്രീ അഴീക്കോട്ട്, ഗോവിന്ദൻകുട്ടിനായർ മുതലായവരുടെയും പ്രസംഗങ്ങൾകൊണ്ടു അലങ്കരിച്ചിട്ടുള്ളതാണ് ഈ നാലു ഗ്രന്ഥങ്ങളും. അവ നാലും സ്വയം പ്രകാശികളാണ്. അവകളുടെ കിരണകന്ദളങ്ങൾ നാലുദിക്കിലും പരന്നു അജ്ഞാനമകററി വിജ്ഞാനമേകുവാൻ പര്യാപ്തമാണ്. വിശിഷ്യ, ചർച്ചാവിഷയമായ ഗ്രന്ഥം ഞങ്ങൾക്കു അത്യധികം പിടിച്ചു. ഹിന്ദുമതഗ്രന്ഥങ്ങളിൽനിന്നു ഇത്തരം വിഷയങ്ങളെ പണ്ഡിതസദസ്സുകളിൽ വെച്ചു മാററുരച്ചു കാണിക്കുന്നതു പ്രത്യേകിച്ചു് ഈ കാലത്തു അത്യാവശ്യമാണ്. ഇത്തരം ചർച്ചാവിഷയങ്ങളിൽ ഹൈന്ദവസമ്മേളനം കൂടുതൽ ശ്രദ്ധപതിപ്പിക്കുന്നതു അനുഗ്രഹമായിരിക്കും.

മേല്പറഞ്ഞ പുസ്തകങ്ങളോരോന്നിനും എട്ടണ മാത്രമേ വിലയുള്ളു. ആവശ്യക്കാർക്ക് ദേവസ്വം മാനേജരോടു എഴുതിച്ചോദിച്ചാൽ കിട്ടുന്നതാണ്.

പുനരുജ്ജീവനം.—(വഴിയെ.)

——x——